# ANNE'S Digest

APRIL
2024



## ST. ANNE'S CHURCH

WEST FORT, THRISSUR - 680 004.

# സ്നേഹസ്മരണാഞ്ജലി

## 6–ാം ചരമവാർഷികം (22–04–2024)

# പുലിക്കോട്ടിൽ ചിമ്മൻ ജോസഫ് മാത്യു



നിഷ്കളങ്കമായ ചിരിയോടെ, സ്നേഹം നിറഞ്ഞുതുളുമ്പുന്ന വാക്കുകൾ കൊണ്ടു കീഴടക്കിയ,
ഏവരുടെയും ഹൃദയത്തിൽ ഇടം നേടിയ, ജീവിതം മുഴുവൻ പ്രാർത്ഥനക്കായി മാറ്റിയ
അങ്ങയുടെ ഓർമ്മകൾക്കു മുൻപിൽ
കണ്ണീർ പ്രണാമം

**ജനനം : 05-08-1930** **മരണം : 22-04-2018**

സ്നേഹത്തോടെ കുടുംബാംഗങ്ങൾ

സെന്റ് ഗോൺസാല കുടുംബകൂട്ടായ്മ



# സെന്റ് ആൻസ് ചർച്ച്, തൃശൂർ


തൃശൂർ – 680 004

**Vicar Personal Mob : 8903211951**
**Church Off: 8281832244**

web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr



വാല്യം: 35 | ലക്കം: 4



## പത്രാധിപസമിതി

- **ചീഫ് എഡിറ്റർ**
  റവ.ഫാ. ജോൺസൺ അന്തിക്കാടൻ 8903211951
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി**
  ബിജി സജു 9947024137
- **ട്രഷറർ**
  ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

ഫ്രാൻസീസ് ചക്കാലയ്ക്കൽ 9074923401
ബിജു ആലപ്പാട്ട് 9847069639
ജോളി കുര്യാക്കോസ് 7293103400
അനിറ്റ ജോസ് 9400887792
സോളമൻ ബ്രഹ്മകുളം 9995402660
നോബിൾ പാട്രിക് 8907139955

- **കൈക്കാരന്മാർ**

ബിജു പൗലോസ് 8590951469
ബിജോയ് മൂക്കൻ 9745844224
ഡേവി പടിക്കല 9488515110
സോളമൻ ബ്രഹ്മകുളം 9995402660


## ഉള്ളടക്കം


എഡിറ്റോറിയൽ
ഇടയശബ്ദം
വൈദീകർ ഇല്ലായിരുന്നുവെങ്കിൽ
മാർജോസഫ് കുണ്ടുകുളം:
സ്നേഹത്തിന്റെ ഓർമ്മകളിലൂടെ
അടഞ്ഞ കുടുംബത്തിലെ അപകടങ്ങൾ
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
സഭാവാർത്തകൾ
അനുദിന വിശുദ്ധർ
മറ്റൊരു KYC യെപ്പറ്റി
വിദ്യാർത്ഥികളോട്
സംഘടന വാർത്തകൾ
സീനിയർ ക്വിസ്
ജൂനിയർ ക്വിസ്
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന



- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL

നേരം സന്ധ്യയോടടുത്തു തുടങ്ങി. കടൽത്തീരത്തുനിന്ന് കുഞ്ഞനുജത്തിയുടെ കൈയുംപിടിച്ച് അവൻ വീട്ടിലേക്കു നടന്നു. നാലുവയസ്സുള്ള അവളെ ഏറെ കരുതലോടെ ആറുവയസ്സുമാത്രമുള്ള അവൻ ഒപ്പം നടത്തുന്നു. ഇത്തിരി കഴിഞ്ഞപ്പോൾ അനുജത്തിയുടെ നടത്തം നിന്നു. അവൾ അതികൗതുകത്തോടെ ഒരു കളിപ്പാട്ടക്കടയിലേക്ക് നോക്കി പുഞ്ചിരിക്കുന്നു. എന്താണ് അവളെ ഇത്ര ആകർഷിച്ചതെന്ന് ഏട്ടൻ നോക്കി. ആ കടയിലെ കണ്ണാടിക്കൂട്ടിലിരിക്കുന്ന ഒരു 'ടെഡി ബെയറി'ലേക്കാണ് അവൾ നോക്കി നിൽക്കുന്നതെന്ന് അവന് മനസ്സിലായി.

"മോൾക്കതു വേണോ?"

"ങും" പാവക്കുട്ടിയിൽ നിന്ന് കണ്ണുപറിക്കാതെ അവൾ മൂളി.

അവൻ അവളെയും കൂട്ടി കടയിലേക്കു കയറി. നേരെ ചെന്ന് ആ പാവക്കുട്ടിയെ എടുത്ത് കുഞ്ഞനുജത്തിയുടെ കൈയിൽ കൊടുത്തു. അവൾ സന്തോഷത്തോടെ അതിനെ മാറോടുചേർത്തുപിടിച്ചു.

അവൻ അവളെയും കൂട്ടി ക്യാഷ് കൗണ്ടറിലേക്കു നടന്നു. കുട്ടികൾ കടയിലേക്ക് കയറിയപ്പോൾ മുതൽ അവരെ വളരെ സാകൂതം നോക്കിയിരുന്ന വൃദ്ധനായ കടയുടമയോട് അവൻ ചോദിച്ചു.

"അങ്കിൽ, ഈ ടെഡി ബെയറിനെന്താ വില."

അയാൾ അവരെ നോക്കി വാത്സ്യത്തോടെ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു.

"മോന്റെ കൈയിലെന്തുണ്ട് തരാൻ?"

അവൻ ട്രൗസറിന്റെ പോക്കറ്റിൽ കൈയിട്ടു. കടപ്പുറത്തുനിന്ന് പെറുക്കിയെടുത്തിട്ടിരുന്ന കക്കാത്തോടുകളും കുഞ്ഞുശംഖുകളും വളരെ ഗൗരവമായിത്തന്നെ മേശപ്പുറത്തുവച്ചു. അവ വളരെയേറെ മൂല്യമുള്ളവയാണെന്ന ഭാവമായിരുന്നു അവന്റെ കുഞ്ഞുമുഖത്ത്. അവന്റെ അന്നത്തെ അദ്ധ്വാനഫലമാണ് അവ.

ആ നില്പും ഭാവവുമൊക്കെ കടയുടമയിലും ഉത്സാഹം ജനിപ്പിച്ചു.

വിലപിടിപ്പുള്ള നോട്ടുകൾ എണ്ണിയെടുക്കുന്ന ജാഗ്രതയോടെ അവ എണ്ണിത്തിട്ടപ്പെടുത്തിയതിനുശേഷം പറഞ്ഞു.

"മക്കളേ ഇത്രയും വില ഇതിനില്ല. ദാ ബാക്കിയെടുത്ത് പോക്കറ്റിലിട്ടോളൂ."

അയാൾ നാലു കക്കാത്തോടുകളൊഴികെ ബാക്കിയെല്ലാം അവന്റെ കൈയിൽ വച്ചുകൊടുത്തു. അവൻ അതു പോക്കറ്റിലിട്ടു. കുഞ്ഞനുജത്തിയുടെ കൈയുംപിടിച്ച് ഏറെ തൃപ്തിയോടെ വീട്ടിലേക്കു നടന്നു.

ഇതെല്ലാം കണ്ടുനിന്നിരുന്ന കടയിലെ ജോലിക്കാരൻ ചോദിച്ചു. "അത്രയും വിലകൂടിയ പാവക്കുട്ടിയെ ഒരു വിലയുമില്ലാത്ത നാലു കക്കാത്തോടിനു പകരമായി കൊടുത്തതെന്തിനാ?"

"ആ പയ്യന് പണത്തിന്റെ വില അറിയില്ലല്ലോ. അവൻ പെറുക്കിയെടുത്ത കക്കാത്തോടും, ശംഖുമൊക്കെയാണ് രൂപയേക്കാൾ അവന് വലുത്. പക്ഷേ, അവൻ വളർന്നുവലുതാകുമ്പോൾ പണത്തിന്റെ വില മനസ്സിലാക്കുമ്പോൾ, അവന്റെ ഓർമ്മയിൽ ഈ കക്കാത്തോടും പാവയും, ഈ കടയുമൊക്കെ എപ്പോഴെങ്കിലും തെളിയും. ഒപ്പം എന്നെയും അവൻ ഓർത്തെടുക്കും. അന്ന് അവൻ തിരിച്ചറിയും... ഈ ലോകത്തിൽ നന്മയുള്ള മനുഷ്യത്വമുള്ള ഒരാൾ അന്നുണ്ടായിരുന്നു. ഇന്നും അങ്ങനെതന്നെ ഉണ്ടാവണം.... അവനിൽ നന്മയുടെ വിത്തുകൾ മുളപൊട്ടും... സ്നേഹം പൂക്കുന്ന കാരുണ്യത്തിന്റെ ചെടിയായി തണലേകുവാനായ്... തനിക്കും നല്ലൊരു മനുഷ്യനാകണമെന്ന ദൃഢനിശ്ചയം അവനുണ്ടാകും.

ഈ കഥയിലെ വൃദ്ധന്റേതുപോലുള്ള കരുണയും കരുതലുമാണ് ജീവിതങ്ങളെ പ്രകാശിപ്പിക്കുന്നത്.

നമ്മുടെ ഓരോരുത്തരുടേയും ജീവിതങ്ങളെ പ്രകാശിപ്പിക്കാൻ സ്വന്തം ജീവൻ കുരിശിലേറ്റി മരിച്ച് പ്രഭാവത്തോടെ ഉയിർത്തെഴുന്നേറ്റ് ക്രിസ്തുവിന്റെ കരുണയും കരുതലുമാണ് നമ്മുടെ ജീവിതങ്ങളിലെ വെളിച്ചം.

അപരനുവേണ്ടി ഉരുകിത്തീർന്നതിന്റെ, മാപ്പ് അർഹിക്കുന്നില്ലെന്നു കരുതിയവർക്കുപോലും മാപ്പ് കൊടുത്തതിന്റെ, നിസ്സഹായതയിൽ തളർന്നുനിന്നവർക്ക് കരുത്തായതിന്റെ, ജീവിതം കീഴ്മേൽ മറിയുമ്പോഴും, കൈവിട്ടുപോയിയെന്നു കരുതുമ്പോഴും ക്രിസ്തുവിനെ നെഞ്ചോടു ചേർത്തുവെയ്ക്കാൻ നമ്മെ ഓർമ്മിപ്പിക്കുന്ന കരുണയുടെ ദിനങ്ങൾ. പ്രിയമുള്ളവരെ ഈശോയുടെ കരുണസ്വീകരിക്കാൻ നമുക്ക് ഹൃദയങ്ങൾ തുറക്കാം. കരുണയിലും കൃപയിലും മുന്നേറാം.

പത്രാധിപസമിതി




# അത് അങ്ങനെയൊരുകാലം

കഴിഞ്ഞകാലത്തെ ചില നന്മകളെയോ, ചില കുറവുകളെയോ ഒക്കെ മനസ്സിൽ ഇന്ന് ഓർത്തെടുത്ത് അല്പനേരം ഒന്ന് മൗനം പാലിച്ചതിനുശേഷം ഒരു നെടുവീർപ്പോടെ നമ്മൾ പറഞ്ഞ് അവസാനിപ്പിക്കുന്നത് അത് അങ്ങനെയൊരു കാലം എന്ന് പറഞ്ഞാണ്.

അത് അങ്ങനെയൊരുകാലം എന്ന് ഞാൻ മനസ്സിൽ പറയുന്നത് കഴിഞ്ഞ കാലത്തെ ചില നന്മകൾ ഓർത്തുകൊണ്ടാണ്. അതിലൊന്ന് ഇടവകദിനാഘോഷങ്ങളാണ്.

ഒരു പത്തിരുപത്തഞ്ച് വർഷം മുമ്പ് വരെ എല്ലാ ഇടവകകളിലും വർഷം തോറും ഇടവകദിനാഘോഷവും അതിന് മുന്നോടിയായി കലാ-കായിക-സാഹിത്യ, രചനാമത്സരങ്ങളും ഉണ്ടായിരുന്നു. പിന്നീട് എപ്പഴോ അതിന്റെ പകിട്ടും ആവേശവുമൊക്കെ കുറഞ്ഞു. പലയിടത്തും ഇടവകദിനാഘോഷങ്ങൾ ഇല്ലാതായി. ഉള്ളയിടങ്ങളിൽ തന്നെ അത് പലപ്പോഴും നാമമാത്രമായി, ആവേശമോ ഉത്സാഹതിമിർപ്പോ ഇല്ലാത്ത ഒരു ചടങ്ങ് മാത്രമായൊക്കെ രൂപമാറ്റം സംഭവിച്ചു.

അതങ്ങനെയൊരു കാലം എന്ന് ഞാൻ പറയുന്നത് എന്റെ ബാല്യകൗമാരങ്ങളിലും യൗവ്വനത്തിന്റെ ആരംഭത്തിലും എന്റെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യവർഷങ്ങളിലുമൊക്കെ ഇടവകസമൂഹത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഉണ്ടായിരുന്ന എന്റെ പള്ളി, എന്റെ ഇടവക, നമ്മുടെ തിരുനാൾ എന്നൊക്കെയുള്ള തീവ്രമായ, തീക്ഷണമായ വികാരങ്ങൾ ഓർത്തുകൊണ്ടാണ്. കാലത്തിനനുസരിച്ച് കാര്യങ്ങളിൽ മാറ്റം വരും എന്ന തികച്ചും സ്വാഭാവികമായ ഒരു സത്യത്തെ അംഗീകരിക്കാൻ ശ്രമിക്കുമ്പോൾ തന്നെ അതൊക്കെ നഷ്ടപ്പെട്ടുപോയല്ലോ എന്ന ചെറിയ ഒരു ദുഃഖം മനസ്സിനെ

അലട്ടുകയും അത്തരം കാര്യങ്ങളൊക്കെ വീണ്ടും തിരിച്ച് വന്നിരുന്നെങ്കിൽ എന്ന് വലിയ ഒരാഗ്രഹം മനസ്സിൽ നിറയുകയും ചെയ്യുന്നുണ്ട്.

ദേവാലയത്തിനകത്തെ പ്രാർത്ഥനാ ആത്മീയ ശുശ്രൂഷകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും അപ്പുറത്ത് ഇടവക സമൂഹത്തെ ഒരു കൂട്ടായ്മയായി നിലനിർത്തുന്നതിൽ ഇത്തരം കലാകായിക മത്സരങ്ങൾക്കും അനുബന്ധ കാര്യങ്ങൾക്കും ഒരു വലിയ പങ്കുണ്ടായിരുന്നു. ചെറിയ ചെറിയ പരാതികളും പരിഭവങ്ങളും പിണക്കങ്ങളുമൊക്കെ ഉണ്ടായിരുന്നുവെങ്കിലും പൊതുവിൽ ഇടവകദിനാഘോഷവും അതിനുമുന്നോടിയായി നടത്തപ്പെടുന്ന മത്സരങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ ഇടവക സമൂഹത്തിലെ അംഗങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ ബന്ധങ്ങൾ ആഴപ്പെടുത്താനും ഓരോരുത്തർക്കും ദൈവം നൽകിയ വിവിധങ്ങളായ കഴിവുകളും അറിവുകളുമൊക്കെ പ്രകടിപ്പിക്കാനും അപരന്റെ നന്മകളും സിദ്ധികളും ആദരവോടെ അംഗീകരിക്കാനും ഉള്ള വലിയ അവസരങ്ങളായിരുന്നു. വാശിയേറിയ മത്സരങ്ങൾ, അതിനുവേണ്ടിയുള്ള തീവ്രമായ പരിശീലനം അതിനായി ദേവാലയമുറ്റത്തും പരിസരങ്ങളിലും നിത്യേനയുള്ള കൂടിച്ചേരലുകൾ അതിനിടയിൽ സന്ധ്യാജപത്തിന്റെ മണി മുഴങ്ങുന്ന ക്ഷണത്തിൽ പെട്ടെന്നുള്ള നിശബ്ദതയും തുടർന്നുള്ള കർത്താവിന്റെ മാലാഖ പ്രാർത്ഥനയും, 8 മണിക്ക് ശേഷം എന്തെങ്കിലും കാര്യത്തിന് വീണ്ടും പള്ളിയങ്കണത്തിൽ തുടരുന്നുണ്ടെങ്കിൽ വികാരിയച്ചനോടൊപ്പമുള്ള ജപമാല- ഇതൊക്കെ, നമ്മൾ ഒന്നാണ് എന്ന വികാരത്തെ പറയാതെ പറഞ്ഞ് നമ്മിൽ ആഴത്തിൽ പതിപ്പിച്ചിരുന്നു. പ്രാർത്ഥനയുടെ പ്രാധാന്യവും വിശ്വാസത്തിന്റെ പ്രസക്തിയും, ആചാരാനുഷ്ഠാനങ്ങളുടെ ആവശ്യകതയും ആരും പറയാതെ തന്നെ അടുത്ത തലമുറ മനസ്സിലാക്കുകയും സ്വന്തമാക്കുകയും ചെയ്തിരുന്നു.

ഇത്രയൊക്കെ നന്മകളുണ്ടായിരുന്ന ആ സാഹചര്യങ്ങൾ പിന്നെ എന്തുകൊണ്ടാണ് ഇല്ലാതായത് എന്ന ചോദ്യം പ്രസക്തമാണ്. എങ്കിലും അതിന് ഉത്തരം തേടുന്നതിന് പകരം ഇന്നത്തെ കാലഘട്ടത്തിൽ നമുക്കത് തിരിച്ച് പിടിക്കാനാവുമോ എന്ന് ചിന്തിക്കാം. കഴിഞ്ഞ വർഷം നമ്മൾ വളരെ ലളിതമായ രീതിയിൽ ഇടവക ദിനാഘോഷം നടത്തി. ഏതാണ്ടെല്ലാ കുടുംബകൂട്ടായ്മകളും അവർക്കനുവദിക്കപ്പെട്ട സമയം അസ്വാദ്യകരമായ പരിപാടികൾ അവതരിപ്പിച്ചു. അതൊക്കെ വളരെ സന്തോഷത്തോടെ ഞാൻ ഓർക്കുന്നുണ്ട്. ഈ വർഷം കുറേക്കൂടെ വിപുലമായ രീതിയിൽ നടത്തണം എന്ന ചിന്തയാണ് പൊതുവേ ഉള്ളത്. കുടുംബ കൂട്ടായ്മകളുടെയും സംഘടനകളുടെയും ഭാരവാഹികളുടെ സംയുക്ത മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതിനായി ഒരു കമ്മറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇടവകയിലെ 15 യൂണിറ്റുകളെ 4 ഗണമായി തിരിച്ച് (കുടുംബങ്ങളുടെ എണ്ണം, യൂണിറ്റിന്റെ പൊതുവിലുള്ള ഊർജ്ജസ്വലത, ഇടവകപ്രവർത്തനങ്ങളോടുള്ള പ്രതികരണശേഷി എന്നിവ പരിഗണിച്ച്) കുഞ്ഞുങ്ങൾ മുതൽ

മുതിർന്ന പൗരന്മാർ വരെയുള്ളവരെ വിവിധപ്രായപരിധിയിൽ ഉൾപ്പെടുത്തി കലാ-കായിക-സാഹിത്യ രചനാമത്സരങ്ങൾ നടത്താമെന്നും മത്സരങ്ങളിൽ നിശ്ചിത നിലവാരം പുലർത്തി സമ്മാനർഹമാകുന്ന കലാപരിപാടികൾ ഇടവകദിനത്തിൽ അവതരിപ്പിക്കാമെന്നുമൊക്കെയാണ് ഏകദേശധാരണയായിരിക്കുന്നത്.


മറ്റ് വിശദാംശങ്ങളൊക്കെ ഇനിയും കൂടിയാലോചനകളിലൂടെ രൂപീകരിക്കേണ്ടതുണ്ട്. ഒരു സമുദായമെന്ന നിലയിൽ ഒരു ഇടവക കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽ നമുക്ക് പരസ്പരമുള്ള ഇഴയടുപ്പം കുറച്ചുകൂടെ വർദ്ധിപ്പിക്കാനുദ്ദേശിച്ചുള്ള ഇടവക ദിനാഘോഷാനുബന്ധ പരിപാടികളിൽ നമുക്ക് ആവേശത്തോടെ പങ്കുകാരാകാം. കഴിഞ്ഞ തലമുറയിൽ ഉണ്ടായിരുന്ന ചില നന്മകളും, നഷ്ടപ്പെട്ട് പോകാൻ പാടില്ലാത്ത പൈതൃകങ്ങളും നമ്മുടെ അടുത്ത തലമുറയ്ക്ക് കൈമാറി കൊടുക്കാനുള്ള പരിശ്രമത്തിൽ നിസ്സംഗതവെടിഞ്ഞ് ആത്മാർത്ഥമായും ഔദാര്യത്തോടെയും എല്ലാവരും സഹകരിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

അത് അങ്ങനെയൊരു കാലം എന്ന് നമ്മുടെ മക്കൾ അവരുടെ മക്കളോട് പറയട്ടെ. അങ്ങനെ പറയാൻ പാകത്തിൽ പള്ളിയോടും, ഇടവകയോടും ബന്ധപ്പെടുത്തി അവരുടെ മനസ്സിൽ ഊഷ്മളമായ വർണ്ണശബളമായ ചിന്തകളും ചിത്രങ്ങളും ഉണ്ടാകട്ടെ.

സസ്നേഹം

ജോൺസനച്ചൻ

---



## 27-ാം ചരമവാർഷികം

## വെരി. റവ. ഫാ. ഇഗ്നേഷ്യസ് ചാലിശ്ശേരി

(മുൻ വികാരി 1970 – 1981)

ജനനം : 31–05–1934, മരണം : 11–04–1997



# വൈദികർ ഇല്ലായിരുന്നുവെങ്കിൽ



**സി. മേഴ്സി ചാലക്കൽ**
S.L.M.I

ദൈവരാജ്യത്തിന്റെ വക്താക്കളാകാനുള്ള പ്രത്യേക വിളിയാണ് സന്യാസ, പൗരോഹിത്യ ജീവിതങ്ങൾ. ഇതിന്റെ മഹത്വം യുഗാന്ത്യത്തിലാണ് പൂർണ്ണമായി വെളിപ്പെടുക. ഇത് നിത്യതയെ സ്വപ്നം കാണുന്നതിനുള്ള അലൗകികമായ ആഹ്വാനമാണ്. വിശുദ്ധ ജോൺ പോൾ പാപ്പ ഒരിക്കൽ മാതാപിതാക്കളോട് ഇപ്രകാരം പറയുകയുണ്ടായി -കർത്താവ് ഒരു കുടുംബത്തെ തൃക്കൺപാർക്കുകയും അതിൽ ഒരംഗത്തെ സുവിശേഷ പ്രദേശങ്ങളുടെ വഴിയിൽ സഞ്ചരിക്കാൻ ക്ഷണിക്കുകയും ചെയ്തുവെന്നത് ഒരു വലിയ ബഹുമതിയായി കരുതണം.

പ്രിയപ്പെട്ടവരെ,

ഇന്ന് ചാനലുകളിലും പത്രവാർത്തകളിലും സാമൂഹ്യമാധ്യമങ്ങളിലും വൈദികരെയും സമർപ്പിതരെയും മോശമായി ചിത്രീകരിക്കുകയും എതിർക്കുകയും താറടിച്ചു കാണിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നാം തിരിച്ചറിയേണ്ട ചില സത്യങ്ങൾ തിരുപ്പട്ടം എന്ന ദാനത്തിലുണ്ട്.

നൊമ്പരങ്ങൾ ഉള്ളിലൊതുക്കി ഒത്തിരി വേദനയോടെ പരിശുദ്ധ സക്രാരിക്ക് മുന്നിലിരുന്ന് കണ്ണീരൊഴുക്കുന്ന, ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന അനേകം പുരോഹിതർ നമ്മുടെയിടയിലുണ്ട്.

പത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവയിൽ നിന്ന് മനപ്പൂർവ്വം ഒരകലം വച്ച് വേദനിക്കുന്ന വൈദികരെ ഹൃദയത്തോട് ചേർത്തുവച്ച് പ്രാർത്ഥനാമുറികളിൽ തേങ്ങലടിച്ചു കരയുന്ന വൈദികരുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ നമുക്കു ചുറ്റുമുണ്ട്. മറുവശത്ത് കുമ്പസാരിക്കുവാനും കുടുംബപ്രശ്നങ്ങൾ പങ്കിടുവാനും ഇനി വൈദികരെ എങ്ങനെ സമീപിക്കുമെന്ന സംശയത്തോടെ ജീവിക്കുന്നവർ, പാപം ചെയ്യുന്ന വൈദികരുടെ കുർബാനകളിൽ എന്ത് അർത്ഥമാണുള്ളത് എന്ന് ചോദിക്കുന്ന യുവതലമുറ. പുരോഹിതഗണത്തിന്റെ വീഴ്ചകൾ സഭയുടെ തന്നെ വീഴ്ചയ്ക്ക് കാരണമാകുമെന്ന് വിലയിരുത്തുന്ന മുതിർന്നവർ.

പൗരോഹിത്യത്തിന്റെ ആഴവും അർത്ഥവും തിരിച്ചറിയേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. കുറച്ച് വൈദികരുടെ കുറവുകൾ നിമിത്തം ചാനലുകളിലും പത്രങ്ങളിലും വരുന്ന മോശപ്പെട്ട വാർത്തകൾ മൂലം നിന്നുപോകുന്ന ഒരു ഉദ്യോഗം അല്ല പൗരോഹിത്യം.

ഇന്ന് ലക്ഷക്കണക്കിന് വൈദികർ ഈ വെല്ലുവിളികൾക്ക് നടുവിൽ നിസ്വാർത്ഥമായ സേവനം അർപ്പിക്കുന്നുവെങ്കിൽ അതിനർത്ഥം ലോകത്തിന് തളർത്താൻ സാധിക്കാത്ത, തകർക്കാൻ കഴിയാത്ത ഒരു അടിത്തറ ഈ കൂദാശയ്ക്ക് ഉണ്ടെന്നുള്ളതാണ്. ആ സുന്ദരമായ അടിത്തറയുടെ കാഴ്ചകളിലേക്ക് നമുക്കൊരു തീർത്ഥാടനം ആവശ്യമാണ്.

ക്രിസ്തുനാഥനാണ് പൗരോഹിത്യത്തിന്റെ ഉറവിടവും അടിത്തറയും. ക്രിസ്തു അപ്പസ്തോലന്മാരെ ഏല്പിച്ച ദൗത്യത്തിന്റെ സാർവ്വത്രികതയിൽ തിരുപ്പട്ടകൂദാശവഴി പുരോഹിതർ പങ്കുചേരുന്നു.

ദൈവിക കാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി പാപങ്ങളെപ്രതി കാഴ്ചകളും ബലികളും അർപ്പിക്കുവാൻ നിയുക്തരായ വൈദികർ യഥാർത്ഥത്തിൽ നൽകുന്നത് ക്രിസ്തുവിനെ തന്നെയാണ്. അതുകൊണ്ടാണ് വൈദികന്റെ കരങ്ങൾ പരിശുദ്ധ അമ്മയുടെ ഗർഭപാത്രത്തിന് സമാനമെന്ന് വിശുദ്ധ അഗസ്റ്റ്യൻ പറയുന്നത്. മനുഷ്യനായി മന്നിലവതരിക്കുവാൻ ദൈവം പരിശുദ്ധ കന്യാമറിയത്തെ ഉപകരണമാക്കിയെങ്കിൽ ഇന്ന് കർത്താവ് തന്റെ തിരുശരീരവും തിരുരക്തവും നമ്മിലേക്കെത്തിക്കുന്നത് പുരോഹിതന്റെ കരങ്ങളിലൂടെയാണ്. ആ കരങ്ങൾ പരിശുദ്ധമായ തൈലം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടതും, മായാത്ത മുദ്രയിൽ പവിത്രമാക്കപ്പെട്ടതുമാണ്. പുരോഹിതനെക്കുറിച്ച് ഇപ്രകാരം ഉദ്ഘോഷിക്കുന്നു: “മാലാഖമാരൊത്തു നിൽക്കുന്ന സത്യത്തിന്റെ സംരക്ഷകൻ, ഉന്നതത്തിലെ അൾത്താരയിലേക്ക് ബലികൾ ഉയർത്തുന്ന, അതിലുപരി ദൈവികത നൽകപ്പെട്ടവനും ദൈവികത നൽകുന്നവനുമാണ് ഓരോ വൈദികനും.



തിരുകുടുംബം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ
വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ

തമ്പുരാന്റെ വിളിയോട് പ്രത്യുത്തരിച്ചവന് കനിഞ്ഞു നൽകിയ ദാനമാണ് പൗരോഹിത്യം. കുറവുകളും പരിമിതികളും ഉള്ളവനെതന്നെയാണ് കർത്താവ് വിളിച്ചത്. പക്ഷേ ആ കുറവുകൾ തടസങ്ങളാക്കുവാൻ ദൈവം അനുവദിക്കുന്നില്ല. മായാത്ത ആത്മീയമുദ്രയുടെ ആത്മാവിന്റെ അഭിഷേകമാണ് ഓരോ വൈദികനിലുമുള്ളത്. നമ്മുടെ വിശ്വാസം ശക്തിപ്പെടുക ആ അടിത്തറയിന്മേലാണ്. വൈദികരെ ഓർക്കാം, അവർക്കുവേണ്ടി പ്രാർത്ഥിച്ച് നമുക്കവരെ ശക്തിപ്പെടുത്താം.




അവരുടെ കരങ്ങൾ വഴി സ്വർഗ്ഗം നൽകപ്പെടട്ടെ, അവരുടെ അധരങ്ങൾ വഴി വചനത്തിന്റെ താളം ഉണരട്ടെ, അവരുടെ സാന്നിധ്യങ്ങൾ സൗഖ്യങ്ങളായി ഭവിക്കട്ടെ. നീറുന്ന അവരുടെ ഹൃദയങ്ങളും നനയുന്ന അവരുടെ കണ്ണുകളും നാം കാണാതെ പോകരുത്. ഇന്ന് ലോകം ആവശ്യപ്പെടുന്നു വൈദികർക്ക് തണലായി നമ്മുടെ പ്രാർത്ഥനകളും ആശംസകളും സഹകരണവും സാന്നിധ്യവും അകമഴിഞ്ഞ് കൊടുക്കണമെന്ന്. ഈ വാക്കുകൾ ഹൃദയത്തിൽ സൂക്ഷിക്കാം.

തിരുപ്പട്ടം എന്ന കൂദാശ ഇല്ലായിരുന്നുവെങ്കിൽ, നമുക്കിന്ന് കർത്താവുണ്ടാകുമായിരുന്നില്ല. ആരാണ് സക്രാരിയിൽ അവിടുത്തെ എഴുന്നെള്ളിച്ച് വച്ചത്? പുരോഹിതൻ. ജീവിതാരംഭത്തിൽ നിന്റെ ആത്മാവിനെ കഴുകി സ്വീകരിച്ചത് ആരാണ്? പുരോഹിതൻ. ആത്മീയ തീർത്ഥാടനത്തിൽ നിന്റെ കൂടെ നിന്ന് നിന്നെ വളർത്തിയതാരാണ്? പുരോഹിതൻ. കർത്താവിന്റെ തിരുരക്തത്താൽ നിന്നെ കഴുകി തമ്പുരാന്റെ മുന്നിൽ നിർത്തുവാൻ നിന്നെ യോഗ്യനാക്കിയത് ആരാണ്? പുരോഹിതൻ. മരണക്കിടക്കയിൽ നിനക്ക് ശാന്തിയും സമാധാനവും നൽകുന്നവൻ ആരാണ്? പുരോഹിതൻ. പ്രിയരെ, സ്നേഹിക്കാം, ശക്തിപ്പെടുത്താം. കൂടെ നിൽക്കാം നമ്മുടെ വൈദികരോടൊപ്പം. അതുപോലെ ദൈവസ്നേഹത്തിനും പരസേവനത്തിനുമായിട്ടുള്ള പരിപൂർണ്ണമായ ആത്മശരീരസമർപ്പണമാണ് സന്യാസം. സ്നേഹമുള്ളവരെ പൗരോഹിത്യ സമർപ്പിത ജീവിതത്തിലേക്ക് ധാരാളം നല്ല ദൈവവിളിയുള്ള മക്കളെ ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

# 26-ാം ചരമവാർഷികം



പാവങ്ങളുടെ പിതാവും, മുൻ ഇടവക വികാരിയുമായ

# മാർ ജോസഫ് കുണ്ടുകുളം പിതാവിന്

സെന്റ് ആൻസ് ഇടവകയുടെ പ്രാർത്ഥനാഞ്ജലികൾ

( വികാരി 1958 – 1970)

തൃശൂർ അതിരൂപത പ്രഥമ മെത്രാപ്പോലീത്ത

പൗരോഹിത്യം : 20 – 12 – 1942,

മെത്രാഭിഷേകം : 16 – 08 – 1970 മെത്രാപ്പോലീത്ത : 27 – 08 – 1995,

ജനനം : 26 – 09 – 1917 മരണം : 26 – 04 – 1998



# മാർ ജോസഫ് കുണ്ടുകുളം: സ്നേഹത്തിന്റെ ഓർമ്മകളിലൂടെ




ഫാ. ലോറൻസ് തൈക്കാട്ടിൽ

1997 ഏപ്രിൽ 26ന് രാവിലെ പതിവു പോലെ പ്രഭാത ഭക്ഷണത്തിന് ശേഷം മുറിലേക്ക് വരുമ്പോൾ ഒരു പോസ്റ്റൽ എഴുത്ത് വന്നിരുന്നു. അഡ്രസ് എഴുതിയ കയ്യക്ഷരം കണ്ടപ്പോൾ ഒത്തിരി സന്തോഷം തോന്നി. മുറിയിൽ കയറി വളരെ താൽപര്യത്തോടെ കത്ത് തുറന്ന് വായിക്കാൻ തുടങ്ങി. അന്ന് ബൽജിയത്ത് പഠിച്ചു കൊണ്ടിരുന്ന എനിക്ക് ഞാൻ ഒത്തിരി സ്നേഹിക്കുന്ന എന്നെ ഒത്തിരി സ്നേഹിക്കുന്ന പ്രിയപ്പെട്ട അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് നാട്ടിൽ നിന്ന് അയച്ച കത്തായിരുന്നു അത്. സന്തോഷത്തോടെ എഴുത്ത് വായിച്ച് കഴിയുന്നതിനു മുമ്പാണ് അന്ന് കൂടെ പഠിച്ചിരുന്ന ബഹുമാനപ്പെട്ട മാത്യു ഇല്ലത്തുപറമ്പിലച്ചൻ വന്ന് ഏറെ വേദന നിറഞ്ഞ ദു:ഖകരമായ ആ സത്യം അറിയച്ചത്: അഭിവന്ദ്യനായ പാവങ്ങളുടെ പിതാവ് തന്റെ സ്വർഗ്ഗീയ താതന്റെ പക്കലേക്ക് യാത്രയായി. അതു കേട്ടപ്പോഴേക്കും പിതാവിന്റെ സ്നേഹം നിറഞ്ഞ കത്ത് എന്റെ കണ്ണുനീർ കൊണ്ട് നനഞ്ഞു കഴിഞ്ഞിരുന്നു. മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ദേഹവിയോഗ വാർത്ത സ്വീകരിക്കാനും അംഗീകരിക്കാനും ഏറെ പ്രയാസമുള്ളതായിരുന്നു.

എല്ലാ തൃശൂർകാരുടേയും മലയാളക്കര മുഴുവന്റേയും സ്വന്തമായിരുന്ന അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവിന്റെ വേർപാട് സ്വീകരിക്കാൻ ഏവരും വിഷമിച്ചു. പിതാവിനെ പരിചയപ്പെട്ടിട്ടുള്ള ആർക്കും ഒത്തിരി ഒത്തിരി മറക്കാത്ത ഓർമ്മകൾ പിതാവിനെ കുറിച്ച് പങ്കു വക്കാൻ കാണും.

നിറഞ്ഞ പുഞ്ചിരിയോടെ ഏവരേയും ഹൃദ്യമായി സ്വീകരിക്കുകയും സംസാരിക്കുകയും ചെയ്തിരുന്ന അഭിവന്ദ്യ കുണ്ടുകുളം പിതാവിനെ നഷ്ടമായത് എത്രയോ വലിയ നഷ്ടം എങ്കിലും സ്വർഗ്ഗീയ പിതാവിന്റെ പക്കൽ നമുക്ക് ഇന്ന് വലിയൊരു മദ്ധ്യസ്ഥനുണ്ടല്ലോ.

സ്നേഹത്തോടെ നന്നായി പുഞ്ചിരിച്ച് ദൈവ വിശ്വാസത്തിൽ നിറഞ്ഞ് ആത്മാർത്ഥതയോടെ പിതാവ് നടത്തിയിരുന്ന ഓരോ പ്രസംഗങ്ങളും ഏവരുടേയും മനസ്സിൽ തറച്ചു കയറുന്നവയായിരുന്നു. പിതാവിന്റെ സാമൂഹ്യ രംഗത്തെ അനവധി സ്ഥാപനങ്ങളുടെ ഉയർച്ചക്കും വളർച്ചക്കും കാരണമായത് ഈ പ്രസംഗങ്ങളുടെ അലയൊലികളാണ്. ആ ധന്യാത്മാവിന്റെ മുമ്പിൽ ശിരസ്സു നമിച്ച് പ്രണമിക്കാൻ മാത്രമേ ഈയുള്ളവനാകൂ.



സാധാരണക്കാർക്ക് സ്വീകാര്യനും ദൈവഭക്തിയിൽ അവരെ വളർത്താൻ ശക്തനും ആയിരുന്നു മാർ ജോസഫ് കുണ്ടുകുളം പിതാവ്.

ഈ അഭിപ്രായമാണ് പിതാവിനെ അറിഞ്ഞിട്ടുള്ള എല്ലാവർക്കും പറയാനുണ്ടാകുക. തീർച്ചയായും ചങ്കുറപ്പോടെ നമുക്ക് പറയാം നമുക്ക് ലഭിച്ച ഏറ്റവും ശക്തനായ ഒരു മെത്രാപ്പോലീത്ത ആയിരുന്നു മാർ ജോഫ് കുണ്ടുകുളം പിതാവ്.

ലോകമെമ്പാടും പ്രത്യേകിച്ച് അമേരിക്കയിൽ റേഡിയോ - ടെലിവിഷൻ മാദ്ധ്യമങ്ങളിലൂടേയും അല്ലാതേയും സുവിശേഷ പ്രസംഗം നടത്തി അനേകമനേകം പേരെ ഈശോയിലേക്ക് നയിച്ച സുവിശേഷ പ്രഘോഷകനും ഗ്രന്ഥകർത്താവും ആർച്ചുബിഷപ്പും ആയിരുന്ന വാഴ്ത്തപ്പെട്ട ഫുൾട്ടൻ ജോൺ ഷീനിന്റെ (1895 1979) നമ്മുടെ കാലഘട്ടത്തിലെ പകരക്കാരൻ ആയിരുന്നു മാർ ജോസഫ് കുണ്ടുകുളം പിതാവ് എന്ന് നിസ്സംശയം പറയാം.

**കുണ്ടുകുളം പിതാവ് - ദൈവീക ഇടപെടൽ**

വിസ്തൃതമായ തൃശൂർ അതിരൂപത ക്ക് അദ്ധ്യക്ഷനായി അഭിവന്ദ്യ കുണ്ടുകുളം പിതാവിനെ ലഭിച്ചത് വലിയ ദൈവീക ഇടപെടലാണ് എന്ന് ഏതൊരാൾക്കും നിസ്സംശയം പറയാനാകും. വിശുദ്ധഗ്രന്ഥത്തിൽ അബ്രാഹത്തിന്റെ തിരഞ്ഞെടുപ്പിനെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്.

‘ഞാൻ അവനെ തിരഞ്ഞെടുത്തിരി ക്കുന്നത്, നീതിയും ന്യായവും പ്രവർത്തിച്ച കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ കൽപിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതിനും വേണ്ടിയാണ്.‘(ഉൽപത്തി18:19) ഈ വചനങ്ങൾ അക്ഷരാർത്ഥത്തിൽ കുണ്ടുകുളം പിതാവിൽ അന്വർത്ഥമായിരുന്നു എന്നത് നിസ്തർക്കമായ സത്യമാണ്.

ദൈവം നൽകിയ വലിയ ഉത്തര വാദിത്വം നിറവേറ്റി നിത്യ സൗഭാഗ്യം അനുഭവിക്കുന്ന പിതാവിനോട് നമുക്കു വേണ്ടി മദ്ധ്യസ്ഥം അപേക്ഷിക്കാൻ പ്രാർത്ഥിക്കാം.

**കുണ്ടുകുളം പിതാവ് - നീതിയും ന്യായവും നിറഞ്ഞവൻ**

വി.പൗലോസ് ശ്ലീഹ മെത്രാനെ ദൈവത്തിന്റെ കാര്യസ്ഥൻ എന്നാണ് (തീത്തോസ്1:7) വിശേഷിപ്പിക്കുന്നത്. കാര്യസ്ഥനുണ്ടാകേണ്ട ഏറ്റവും

വലിയ ഗുണങ്ങളാണ് നീതി ബോധവും ന്യായ ചിന്തയും. ഈ ഗുണങ്ങ ളാൽ നിറഞ്ഞവനായിരുന്നു അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ്. വർഷങ്ങൾക്ക് മുമ്പ് തൃശൂർ അരമന കച്ചേരിയിൽ നീതി ബോധത്തിന്റെയും ന്യായ ചിന്തയുടേയും ആൾ രൂപമായി പ്രവൃത്തിച്ചിരുന്ന പുണ്യ ചരിതനായ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ കൂടെ പ്രവർത്തിക്കാൻ സാധിച്ചത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു.

തന്റെ സ്വദ്സിദ്ധമായ ഭാഷയിലും ശൈലിയിലും സഭാ മക്കളോടും അല്ലാ ത്തവരോടും ഏത് രാഷ്ട്രീയ നേതാക്കന്മാരോടും നീതി ബോധത്തോടേയും ന്യായ ചിന്തയോടേയും സത്യത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഊ ന്നി പറഞ്ഞ് പഠിപ്പിക്കുവാൻ ധൈര്യം കാണിച്ച പിതാവ് വിശുദ്ധ പൗലോസ് ശ്ലീ ഹായുടെ ശക്തനായ ഒരു പിൻഗാമിയായിരുന്നു എന്ന് നിസ്സംശയം പറയാം. രാഷ്ട്രീയ നേതാക്കളുടേയും മറ്റ് സാമൂഹ്യ സാംസ്കാരിക നേതാക്കളടേ യും മുമ്പിൽ നീതിയുടേയും ന്യായത്തിന്റേയും പടവാളുയർത്താൻ ശക്ത നും ധൈര്യമുള്ളവനും ആയിരുന്നു അഭിവന്ദ്യ കുണ്ടുകുളം പിതാവ്.

**കുണ്ടുകുളം പിതാവ് - മതിപ്പുളവാക്കുന്നവൻ**

മെത്രാനെ കുറിച്ചു പറയുമ്പോൾ വി.പൗലോസ് ശ്ലീഹ വിശദീകരി ക്കുന്ന മറ്റൊരു സത്യമാണ് അദ്ദേഹം എപ്പോഴും സഭയ്ക്കുള്ളിലും സഭയ്ക്ക് പുറത്തുള്ളവരുടെ ഇടയിലും നല്ല മതിപ്പുളവാക്കുന്നവനായിരിക്കണം എന്നത് (1തിമോ:3:7). പുണ്യചരിതനായ അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവിനെ കുറിച്ച് പറഞ്ഞാൽ ഈ കാര്യം പൂർണ്ണമായും സത്യമാണ് എന്ന് എല്ലാവരും ഒരു പോലെ സമ്മതിക്കും.

സ്വതസിദ്ധമായ അവതരണ ശൈലിയിലും നർമ്മ കലർന്ന ഭാഷയിലും സം സാരിക്കുകയും സ്നേഹ നിറഞ്ഞ പെരുമാറ്റത്തോടെ മറ്റുള്ളവരിൽ മതിപ്പുളവാ ക്കാൻ കഴിവുണ്ടായിരുന്ന ആത്മാഭിഷേകം ലഭിച്ചവനായിരുന്നു മാർ ജോസഫ് കുണ്ടുകുളം പിതാവ്. കാരുണ്യവാനായ ദൈവം നൽകിയ എല്ലാ അനുഗ്രഹ ങ്ങളും നന്മകളും വിനിയോഗിച്ച് ദൈവജനത്തിനെ ഈശോയിലേ ക്ക് നയിക്കാൻ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവി ന് സാധിച്ചിട്ടുണ്ട്.



തീർച്ചയായും ധാരാളം വലിയ വെല്ലുവിളികളും പ്രതി സന്ധികളും നേരിടേണ്ടി വന്ന അഭിവന്ദ്യ മാർ ജോസഫ് കു ണ്ടുകുളം പിതാവ് അവയെ എല്ലാം ദൈവീക ധീരതയോടെ ദൈവേഷ്ടപ്രകാരം തരണം ചെ യ്യാൻ ശക്തനായിരുന്നു, അതി നുള്ള ചങ്കുറപ്പുള്ളവനായിരുന്നു





**ഉപസംഹാരം**

തൃശൂർ പൂരത്തിന്റെ കേന്ദ്രത്തിൽ ആണ് ആർച്ചുബിഷപ്പ് ജോസഫ് കുണ്ടുകുളം പിതാവ് പ്രവർത്തിച്ചത്. പൂരത്തെ ഒത്തിരി സ്നേഹിക്കുന്ന ഈ നാട്ടിൽ ജീവിച്ച മരിയ ഭക്തൻ മത - സാസ്കാരിക - രാഷ്ട്രീയത്തിന്റെ സൗഹാർദകാരനായ നേതാവുമായിരുന്നു.

പൂരത്തെ അറിയാവുന്നവർക്ക് അറിയാം പൂരത്തിന് മുമ്പുള്ള ശാന്തതയും പൂര സമയത്തെ വാദ്യ മേളങ്ങളുടേയും വെടിക്കെട്ടിന്റേയും മറ്റും ശബ്ദകോലാഹലങ്ങളും ചിലപ്പോഴെങ്കിലും ഉണ്ടാകുന്ന സമനില നഷ്ടപ്പെട്ട പാവപ്പെട്ട ആനകളുടെ ഭീഭത്സമായ അതി ക്രമങ്ങളും മറ്റും. പൂരത്തിന് ശേഷം ഒത്തിരിയേറെ അദ്ധ്വാനമുളവാക്കി ശുദ്ധീകരിക്കേണ്ട പൂരപ്പറമ്പുകളും നമുക്കറിയാവുന്നതാണ്. അഭിവന്ദ്യ മാർ കുണ്ടുകുളം പിതാവ് ഈ അനുഭവങ്ങളിലൂടെ കടന്നു പോയ ഒരു സീറോ മലബാർ സഭയുടെ ധാർമ്മിക ശക്തിയായിരുന്നു. വി.പത്രോസ് ശ്ലീഹ പഠിപ്പിക്കുന്നതു പോലെ ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിച്ച് വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധനാകാനും സ്വന്തം ഉത്തരവാദിത്വം ശാന്തതയോടും ബഹുമാനത്തോടും നിർവ്വഹിക്കാൻ മനഃസാക്ഷിയെ നിർമലമായി സൂക്ഷിക്കുവാനും ക്രിസ്തുവിലുള്ള നല്ല പെരുമാറ്റത്തിലൂടെ (1പത്രോസ് 3:15-16) വിഘ്നങ്ങളെ നിഷ്കാസനം ചെയ്യാനും നല്ല കഴിവുണ്ടായിരുന്ന ഞങ്ങൾക്ക് ഏവർക്കും സ്വീകാര്യനും ഞങ്ങൾ സ്നേഹിച്ചവനുമായ പ്രിയപ്പെട്ട അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ മുമ്പിൽ ആനന്ദാശ്രുക്കളടങ്ങിയ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# 41–ാം ചരമദിനം

(06.04.2024)



## മിസ്സിസ്. മേരി ജെയിംസ് (മർത്ത)

W/o Late James Varghese

**പുലിക്കോട്ടിൽ ചിമ്മൻ**

ജനനം : 10.12.1942 മരണം : 26.02.24

സെന്റ്. ആന്റണീസ് കുടുംബകൂട്ടായ്മ




കുരുതുകുളങ്ങരകൂള ആഗസ്റ്റി
പോളി ആഗസ്റ്റിൻ & മെറീന ഒ.കെ.
ആരോൺ ആഗസ്റ്റിൻ
ആൽബിൻ ടോം


5 -ാം വിവാഹ വാർഷികം
21-04-2024
കുരുതുകുളങ്ങരകൂള പൈലോത്
ആഗസ്റ്റി & ടി.സി. ലില്ലി
ംസകളോടെ
കല്ലറയ്ക്കൽ അന്തോണി
ബാബു & ഡോളി ആഗസ്റ്റിൻ
അപർണ ആൻ ബാബു & ജോയൽ വർഗ്ഗീസ്
ഡോ. അശ്വിൻ ഓസ്റ്റിൻ ബാബു

# BAMBINO SUMMER Fest

Starting 1st of April



## GIFT YOUR CHILD THE BEST SUMMER TIME

Age 2 to 12 Years

## Hello Parents

We present you the opportunity for your kid to learn important life skill in a fun way with loads of interactive hands on activites

**CCTV LIVE STREAMING** നിങ്ങളുടെ കുട്ടികളെ വീട്ടിലിരുന്നു മൊബൈൽ ഫോണിലൂടെ നിരീക്ഷിക്കാം

- Transportation available
- Limited seats

### Creative Activities

- Art & Craft
- Drawing & Colouring
- Origami
- Dance & Music
- Literature
- Talent Show
- Kids on Ramp
- Cooking

### Academics

- Montessori Foundation-
- for all age groups
- Fun with Maths
- English Concepts
- Memory and Concentration
- Techiniques
- Field trip

### Personality Development

- Public Speaking
- Story Telling
- Brain Games
- Table Manners
- Yoga


**Register Now**

**+91 99 61 88 04 13**
**+91 79 07 12 43 61**


bambinothrissur

bambinothrissur@gmail.com

Padinjare kotta,
Calvary road, Thrissur



# അടഞ്ഞ കുടുംബത്തിലെ അപകടങ്ങൾ



ഫാ. വർഗ്ഗീസ് പാറപ്പുറം വി.സി.

"വന്ധ്യത നിമിത്തം ഹന്നയുടെ സപത്നി അവളെ വേദനിപ്പിച്ചിരുന്നു... അതിനാൽ, ഹന്ന കരയുകയും ഭക്ഷണം കഴിക്കാതിരിക്കുകയും ചെയ്തു. ഭർത്താവായ എൽക്കാന അവളോടു ചോദിച്ചു: ഹന്ന, എന്തിനാണ്നീ കരയുകയും ഭക്ഷിക്കാതിതിരിക്കുകയും ചെയ്യുന്നത്? എന്തിന് ദുഃഖിക്കുന്നു? ഞാൻ നിനക്ക് പത്ത് പുത്രന്മാരിലും ഉപരിയല്ലേ?" (1 സാമുവൽ 1:6–8).

നമ്മുടെ കുടുംബങ്ങളിലെ ബന്ധങ്ങളുടെ സ്വഭാവങ്ങൾക്ക് നമ്മുടെ വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും വലിയ സ്വാധീനമാണുള്ളത്. വ്യക്തികളുടെ മാനസികാരോഗ്യം, മറ്റുള്ളവരുമായി ഇടപഴകാനുള്ള കഴിവ്, ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു വളരാനുള്ള കഴിവ് ഇവയെല്ലാം വലിയൊരു പരിധിവരെ ആശ്രയിച്ചിരിക്കുന്നതു കുടുംബത്തിലെ പരസ്പരബന്ധത്തെയാണ്. ചില വീടുകളിൽ കുടുംബാംഗങ്ങൾ തമ്മിൽ ഹൃദ്യവും നൈസർഗികവുമായ ബന്ധമായിരിക്കും. മറ്റു ചില കുടുംബങ്ങളിലാകട്ടെ, അംഗങ്ങളുടെ പരസ്പരബന്ധം വളരെ നാമമാത്രവും കൃത്രിമവും ചിട്ടപ്പടിയുള്ളതുമായിരിക്കും. അവിടെ വളർന്നുവരുന്ന കുട്ടികളുടെ ഭാവിയെ ഇതു വലിയതോതിൽ സ്വാധീനിക്കുന്നുണ്ട് എന്ന കാര്യം പലർക്കും അറിഞ്ഞുകൂടാ.

ഈ ഉദാഹരണം നോക്കൂ: ഏഴാം ക്ലാസുകാരൻ അനൂപ് നല്ല ബുദ്ധിയുള്ള കുട്ടിയാണ്. പക്ഷേ, കുറെ മാസങ്ങളായി അവൻ പഠിക്കാൻ തീരെ ഉന്മേഷമില്ല. തന്നെയുമല്ല അധ്യാപകരെയും കൂട്ടുകാരെയും അവനു വലിയ ഭയം. സഹപാഠികളെ കഴിവതും ഒഴിവാക്കുകയല്ലാതെ ആരോടും കൂട്ടില്ല. അധ്യാപകർ എന്തെങ്കിലും ചോദിച്ചാൽ ഒറ്റവാക്കിൽ ഉത്തരം പറയും; അതിനപ്പുറം ബാലസഹജമായ കുസൃതിയോ കളിയോ സംസാരമോ കൂട്ടുകൂടലോ ഒന്നുമില്ല.

കുട്ടിയുടെ ഈ സ്വഭാവത്തിന്റെ കാരണം ഗ്രഹിക്കാൻവേണ്ടി വീട്ടിലെ വിശേഷങ്ങൾ ചോദിച്ച് മനസ്സിലാക്കി. അനൂപിന്റെ അപ്പച്ചൻ തികഞ്ഞ കർത്തവ്യബോധമുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്. വലിയ ഗൗരവപ്രകൃതിക്കാരൻ, കണിശ സ്വഭാവക്കാരൻ. കുട്ടികളുടെ കളിയും ചിരിയുമൊന്നും തീരെ ഇഷ്ടമില്ല. കുട്ടികളോട് കണക്കറ്റ കാർക്കശ്യം; എന്നുവച്ചാൽ, അവർ ക്രമം തെറ്റിച്ചാലോ നിയമം ലംഘിച്ചാലോ ചെറിയ തെറ്റിനുപോലും കടുത്ത ശിക്ഷ. സ്നേഹം ഉള്ളിലുണ്ടെങ്കിലും അത് പുറമെ കാണിക്കാൻ വശമില്ല; വാക്കുകളിലൂടെപ്പോലും.

അപ്പച്ചൻ വീട്ടിലുള്ളപ്പോൾ കുട്ടികൾ ഉച്ചത്തിൽ സംസാരിച്ച് ശബ്ദമുണ്ടാക്കി ശല്യം ചെയ്യരുതെന്നാണു നിയമം. ഭാര്യയോടുള്ള അദ്ദേഹത്തിന്റെ സംസാരംപോലും പരിമിതവും ഗൗരവമേറിയതും ചിട്ടപ്പടിയുള്ളതുമാണ്. സ്വതേ സംസാരപ്രിയയായിരുന്നെങ്കിലും ഭാര്യയും ക്രമേണ ഭർത്താവിന്റെ ഒരു ചെറിയ പതിപ്പായി മാറി. ചുരുക്കത്തിൽ, ആർക്കും മാറ്റാരോടും തുറവിയില്ലാത്ത, ഹൃദ്യമായ പരസ്പരബന്ധങ്ങളില്ലാത്ത കുടുംബാന്തരീക്ഷമാണ് അവരുടേതെന്നു പറയാം.

മനഃശാസ്ത്രജ്ഞന്മാർ "അടഞ്ഞ കുടുംബ'ത്തെപ്പറ്റിയും "തുറന്ന കുടുംബത്തെപ്പറ്റിയും പറയുന്നുണ്ട്. അടഞ്ഞ കുടുംബത്തിൽ ചിട്ടയും ക്രമവും ഔപചാരികതയും വളരെ കൂടുതലായിരിക്കും. ശിക്ഷ ഭയന്ന് തെറ്റുപറ്റാതിരിക്കാൻ നിൽപ്പും നടപ്പും ചലനങ്ങളും വളരെ കരുതലോടെയാണ്. കുടുംബാംഗങ്ങളുടെ പെരുമാറ്റത്തിൽ നൈസർഗികതയോ സ്വാഭാവികതയോ അല്ല, ഓപചാരികതയും കൃത്രിമത്വവുമായിരിക്കും മുന്നിട്ടു നിൽക്കുക. സ്വതന്ത്രചിന്തയോ പെരുമാറ്റമോ അല്ല, സമൂഹത്തിന്റെ അനുശാസനങ്ങൾക്കനുസരിച്ചുള്ള ചിന്തയും പെരുമാറ്റവും മാത്രം. വസ്തുക്കളെല്ലാം അതതിന്റെ സ്ഥാനങ്ങളിൽ ചിട്ടയായി അടുക്കിവച്ചിരിക്കും. മനുഷ്യർക്കുവരെ ഇരിക്കാനും കിടക്കാനും പഠിക്കാനും ഭക്ഷിക്കാനും നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളാണ്.

ചുരുക്കത്തിൽ, സ്വാഭാവികതയോ സജീവതയോ അല്ല, കൃത്രിമത്വത്തിന്റെ വക്കുവരെ എത്തുന്ന ഔപചാരികതയും നൈയാമികതയുമാണ് കുടുംബാംഗങ്ങളുടെ പെരുമാറ്റത്തിന്റെ മുഖമുദ്ര. ആരുടെയോ ചരടുവലിക്കൊത്ത് അനങ്ങുന്ന പാവകളെപ്പോലെ പെരുമാറുന്ന മനുഷ്യർ! ഹൃദ്യമായ പരസ്പരബന്ധവും കളിതമാശകളും തുറന്ന സംസാരംതന്നെയും വളരെ കുറവായിരിക്കും ഈ വീടുകളിൽ. മനഃശാസ്ത്രപരമായ വിശകലനത്തിൽ, സൂപ്പർ ഈഗോയുടെ അതിപ്രസരമാണ് ഈ സ്ഥിതിവിശേഷത്തിനു കാരണം. സമൂഹത്തിന്റെ അനുശാസനങ്ങൾ

വ്യക്തിയുടെ നൈസർഗികവികാസത്തെ വല്ലാതെ ഞെരുക്കി, തളർത്തി നശിപ്പിക്കുന്നു.

തുറന്ന കുടുംബത്തിലെ അന്തരീക്ഷം ഇതിനു നേരെ വിപരീതമാണ്. അവിടെ അംഗങ്ങൾ ജീവിക്കുകയാണ്; പാവകളിക്കുകയല്ല. ചിട്ടക്രമം, ഔപചാരികത എന്നിവയ്ക്കു പകരം നൈസർഗികതയും സ്വഭാവികതയുമാണ്അംഗങ്ങളുടെപെരുമാറ്റത്തിന്റെമുഖമുദ്ര.പൊതുനിയമങ്ങളെ മാനിക്കുമെങ്കിലും ഓരോരുത്തർക്കും സ്വതന്ത്രചിന്തയും തനതായ വ്യക്തിത്വവുമുണ്ടാകും. ഇരിപ്പും നടപ്പും ചലനങ്ങളും ലാഘവത്തോടെയാണ്. അടുക്കും ചിട്ടയും ക്രമവും കർശനമായിരിക്കില്ല. കളി, ചിരി, സംസാരം, കുസൃതികൾ ഇവ ധാരാളം ഉള്ളതിന്നാൽ കുടുംബാംഗങ്ങൾ തമ്മിൽ തുറന്ന പെരുമാറ്റമായിരിക്കും. ബാഹ്യമായ സവിശേഷതകൾ കൂടാതെ മാനസികമായ വ്യത്യാസങ്ങളും രണ്ടുതരം കുടുംബത്തിലേയും അംഗങ്ങൾ തമ്മിലുണ്ട്.

അടഞ്ഞ കുടുംബത്തിലാകട്ടെ, അംഗങ്ങളുടെ മനസ്സിന്റെ പിരിമുറുക്കം വളരെ കൂടുതലാണ്. എവിടെയെങ്കിലും ക്രമം തെറ്റിയാൽ അതോടെ മനസ്സിന്റെ താളംതന്നെ തെറ്റിപ്പോകും. സമൂഹത്തിന്റെ മാറ്റങ്ങൾക്കൊത്തു സ്വയംമാറാനും സാഹചര്യങ്ങളോട് ഇണങ്ങിച്ചേരാനും അവർക്ക് പ്രയാസമാണ്. അസാധാരണ സംഭവങ്ങളുടെ മുന്നിൽ അവർ പകച്ചുനിന്നുപോകുന്നു. ഇത്തരം കുടുംബങ്ങളിലെ ചില അംഗങ്ങളെങ്കിലും ചട്ടക്കൂടിന്റെയും നിയമത്തിന്റെയും കാർക്കശ്യം മൂലമുള്ള ശ്വാസംമുട്ടൽ സഹിക്കാൻ വയ്യാതാകുമ്പോൾ വല്ലാതെ പൊട്ടിത്തെറിക്കാറുണ്ട്. അവർ സമൂഹത്തിന്റെ ഒരു നിയന്ത്രണവും വകവെക്കാത്ത റിബലുകളോ സാമൂഹ്യവിരുദ്ധരോ മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾക്കടിമകളൊ ആയിത്തീരാനും ഇടയുണ്ട്. സമൂഹത്തിന്റെ എല്ലാ നിയമങ്ങളെയും ലംഘിക്കാനും വെല്ലുവിളിക്കാനും ആയിരിക്കും അവരുടെ ശക്തമായ ഉൾപ്രേരണ.

മറിച്ച്, തുറന്ന കുടുംബങ്ങളിൽ വളർന്നുവരുന്നവർ മാറ്റങ്ങൾ ഇഷ്ടപ്പെടുന്നവരും അതിനോട് പൊരുത്തപ്പെടാൻ കഴിവുള്ളവരുമായിരിക്കും. ആശയങ്ങളും വികാരങ്ങളും പ്രകടിപ്പിക്കുവാൻ അവസരം ലഭിക്കുന്നതിനാൽ ഇവരിൽ അന്ധമായ അടിച്ചമർത്തൽ അധികമില്ല. അതിനാൽ കൂടുതൽ മാനസികാരോഗ്യവും സന്തുഷ്ടമനോഭാവവും കർമ്മശേഷിയും ഇത്തരം കുടുംബങ്ങളിൽ വളർന്നുവരുന്നവരിൽ കാണാം. ഇവരുടെ കർമ്മശേഷി സൃഷ്ടിപരമായ മാർഗങ്ങളിലേക്കു തിരിയുന്നതിനാൽ ഇവർവഴി കുടുംബത്തിനും സമൂഹത്തിനും വികസനവും നേട്ടങ്ങളും ഉണ്ടാകും. സാമൂഹ്യപുരോഗതിക്കും മാറ്റത്തിനും നവീനസംരംഭങ്ങൾക്കും ചുക്കാൻ പിടിക്കുന്നവരും ഇവർതന്നെ.

ഇനി അനൂപിന്റെ കഥയിലേക്കു മടങ്ങിവരാം. “അടഞ്ഞ കുടുംബത്തിൽ” വളർന്നുവന്നതാണ് അവന്റെ പ്രശ്നങ്ങൾക്ക് കാരണമെന്ന് വ്യക്തമാണല്ലോ. സ്കൂളിലെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളും സഹപാഠികളുമായി പൊരുത്തപ്പെടാൻ അവനാവില്ല. ബുദ്ധിയുണ്ടെങ്കിലും തന്റെ കഴിവുകൾ ഉപയോഗപ്പെടുത്താനാവാതെ മാറ്റങ്ങളുടെ മുൻപിൽ അവന്റെ മനസ്സ് പകച്ചുനിൽക്കുകയാണ്. അവിടെ അനൂപിനുമാത്രം കൗൺസലിംഗ് ലഭിച്ചതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടില്ല; അവന്റെ കുടുംബാന്തരീക്ഷത്തിലാണ് മാറ്റം വരേണ്ടത്: അടഞ്ഞ കുടുംബം തുറന്ന കുടുംബമാകണം.

നൂറുശതമാനം അടഞ്ഞ കുടുംബങ്ങളോ പൂർണമായും തുറന്ന കുടുംബങ്ങളോ അധികമില്ല. ഇതിൽ ഏതെങ്കിലും ഒന്നിനോട് അടുത്തു നിൽക്കുന്നതായിരിക്കും കുടുംബാന്തരീക്ഷം. നമ്മുടെ കുടുംബത്തിൽ തുറവിയുടെ സവിശേഷതകൾ കൂടുതലായി വളർത്തിയെടുത്താൽ കുടുംബാംഗങ്ങൾ കൂടുതൽ മാനസികാരോഗ്യവും കർമ്മശേഷിയുമുള്ളവരാകും.

“അടഞ്ഞ ഹൃദയമാണ് ഏറ്റവും മോശമായ തടവറ” -ജോൺപോൾ രണ്ടാമൻ മാർപാൽ

---

## ഏപ്രിൽ 2024 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

5 വെള്ളി : ആദ്യവെള്ളി രാവിലെ 6.20ന് ലദീഞ്ഞ് നൊവേന, വി. കുർബാന
വൈകീട്ട് 6 ന് വി. കുർബാന അന്നാപാത, ലദീഞ്ഞ്, നൊവേന, ആരാധന, നേർച്ചക്കഞ്ഞി.

5 വെള്ളി : ആദ്യവെള്ളി രാവിലെ 6.20ന് ലദീഞ്ഞ്, നൊവേന, വി. കുർബാന. വൈകീട്ട് 6 ന് വി. കുർബാന, അന്നാപാത, ലദീഞ്ഞ്, നൊവേന, ആരാധന, നേർച്ചക്കഞ്ഞി.

5.30 മുതൽ 7.30 വരെ കുമ്പസാരിക്കാൻ സൗകര്യം ഉണ്ടായിരിക്കും.
വേദസാക്ഷികളുടെ തിരുനാൾ (സകലവിശുദ്ധരുടെയും തിരുനാൾ)

7 ഞായർ : പുതുഞായർ
12 വെള്ളി : വെള്ളി തിരുകർമ്മങ്ങൾ
14 ഞായർ :
19 വെള്ളി : വെള്ളി തിരുകർമ്മങ്ങൾ
24 ബുധൻ : വി. ഗീവർഗ്ഗീസ് വേ
25 വ്യാഴം : വി. മർക്കോസ് സുവിശേഷകൻ
26 വെള്ളി : വെള്ളി തിരുകർമ്മങ്ങൾ
28 ഞായർ : (മാർ അദ്ദായി)
29 തിങ്കൾ : സിയന്നായിലെ വി. കത്രീന






ഫ്രാൻസി ആന്റണി

# ജീവിക്കുന്ന യേശുവാണ് ജീവനിലേക്കുള്ള പാത

ഫ്രാൻസിസ് പാപ്പാ

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു! ജീവനിലേക്കുള്ള വഴിതടസ്സപ്പെടുത്തുന്ന കല്ലുകൾ ഉരുട്ടിമാറ്റാൻ അവിടുത്തേക്ക് മാത്രമേ കഴിയൂ. ജീവിക്കുന്ന അവൻ തന്നെയാണ് ജീവനിലേക്കുള്ള പാത. ജീവന്റെ വഴി: സമാധാനത്തിന്റെയും, അനു രഞ്ജ നത്തിന്റെയും, സാഹോദര്യത്തിന്റെയും വഴി.

## മിഷനെ പരിചയപ്പെടുത്തുന്ന മിഷൻ കോൺഗ്രസ്

അഖിലേന്ത്യതലത്തിൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധമിഷൻ രൂപതകളും കോൺഗ്രിഗേഷനുകളും തങ്ങളുടെ മിഷനെ പരിചയപ്പെടുത്തുന്ന സ്റ്റാളുകളോടുകൂടിയ അതിവിപുലമായ എക്സിബിഷൻ അഞ്ചാമത് ജിജിഎം മിഷൻ കോൺഗ്രസിന്റെ പ്രത്യേകതയാണ്. 50-ൽ പരം സ്റ്റാളുകളാണ് മിഷൻ കോൺഗ്രസിൽ ഒരുക്കിയിരിക്കുന്നത്. കെനിയ, മഡഗാസ്കർ, ഇന്ത്യയിലെ വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ പരമ്പരാഗത രീതിയിൽ അണിയിച്ചൊരുക്കുന്ന സ്റ്റാളുകൾ, വിവിധ നോർത്ത് ഇന്ത്യൻ പ്രദേശങ്ങളിലെ വിവരങ്ങൾ തരുന്ന നോർത്ത് ഇന്ത്യൻ സ്റ്റാളുകൾ, സൗത്ത് ഇന്ത്യൻ മിഷനെ പരിചയപ്പെടുത്തുന്ന വിവിധ സ്റ്റാളുകൾ എന്നിവ ഈ മിഷൻ എക്സിബിഷന്റെ പ്രത്യേകതയാണ്. ഒരിക്കൽ പോലും കേൾക്കാത്ത-കാണാത്ത മിഷനറിമാരുടെ പ്രവർത്തനങ്ങൾ അവരിൽ നിന്ന് നേരിട്ടറിയാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. നമ്മൾ കേട്ടു മാത്രം അറിഞ്ഞ മിഷനെ കണ്ടു മനസിലാക്കാൻ തൃശൂർ ജെറുസലേം ധ്യാനകേന്ദ്രത്തിൽ എപ്രിൽ 10 മുതൽ 14 വരെ നമുക്ക് ഒരുമിച്ചു കൂടാം.


വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും
സുവർണ്ണ
മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ
Ph : 2381588, Mob : 9895086914
നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.



# അനുദിന വിശുദ്ധർ

## ഏപ്രിൽ 29
## സിയെന്നായിലെ വി. കത്രീന
## (1347–1380)

**കന്യക - വേദപാരംഗത**



**മിസ്സിസ് ടെസ്സി ആന്റോ**

ഇറ്റലിയിൽ സിയെന്നായിൽ ജക്കോലാപ്പാ-ബെനിൽകാസ എന്നീ ദമ്പതികളുടെ മകളായി കത്രീന ജനിച്ചു. സമർത്ഥയും ഭക്തയും പ്രസന്നയുമായി ആ കുട്ടി വളർന്നുവന്നു. ചെറുപ്പത്തിൽത്തന്നെ ഒരു കന്യകയായി ജീവിക്കണമെന്ന് ഒരു വ്രതമെടുക്കുകയും അതിനായി പ്രാർത്ഥിക്കാനും പരിശ്രമിക്കാനും തുടങ്ങി. ഭക്തനായ പിതാവ് അതിനുള്ള സഹായസഹകരണങ്ങളും ചെയ്തുകൊണ്ടിരുന്നു. പക്ഷെ അമ്മയാകട്ടെ, അവളെ വിവാഹത്തിന് പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു. പന്ത്രണ്ടുവയസ്സിൽ ഒരു വിവാഹാലോചന വന്നപ്പോൾ തലമുടി വെട്ടിക്കളഞ്ഞ് പ്രതിഷേധിച്ചു. അവളുടെ സുകൃത ജീവിതം അനുദിനം വളർന്നുവന്നു. പിതാവ് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

18-ാമത്തെ വയസ്സിൽ കത്രീന ഡൊമിനിക്കൻ മൂന്നാം സഭയുടെ വസ്ത്രം സ്വീകരിച്ച് പ്രാർത്ഥനയിൽ സ്വന്തം മുറിയിൽ വർഷങ്ങളോളം കഴിച്ചുകൂട്ടി. കുമ്പസാരക്കാരനോടല്ലാതെ മറ്റാരോടും സംസാരിച്ചിരുന്നില്ല. ദൈവത്തോടുമാത്രമായിരുന്നു സംഭാഷണം.

ഭയങ്കരമായ പരീക്ഷണങ്ങൾ കത്രീനയെ അലട്ടിക്കൊണ്ടിരുന്നു. അതൊക്കെ അതിജീവിച്ച് ദൈവസാന്നിധ്യംകൊണ്ട് അവൾ വിജയിച്ചു. 1374ൽ രാജ്യമൊട്ടാകെ സാംക്രമിക രോഗം പടർന്നുപിടിച്ചപ്പോൾ അനേകരം അവൾ ശുശ്രൂഷിച്ചു. അവളുടെ പ്രാർത്ഥനയും പരിചരണവും വഴി അനേകം ജനങ്ങൾ രക്ഷപ്പെട്ടു. നിരവധി പാപികളെ അവൾ മാനസാന്തരപ്പെടുത്തി. കത്രീനയുടെ ഉപദേശം സ്വീകരിച്ച് യുദ്ധം പോലും വേണ്ടെന്ന് വെച്ചിട്ടുണ്ട്.

പ്രായശ്ചിത്തവും അദ്ധ്വാനവും കത്രീനയെ രോഗിണിയാക്കി. റോമയിൽ വെച്ച് 33-ാമത്തെ വയസ്സിൽ 1380 ഏപ്രിൽ 29 തിയതി, ഈ കന്യക ഭാഗ്യമരണം പ്രാപിച്ചു. പഞ്ചക്ഷതവും, വെളിപാടുകളും നല്കി ഈ കന്യകയെ ദൈവം അലങ്കരിച്ചു. 1461ൽ രണ്ടാംപിയുസ്സുമാർപാപ്പ കത്രീനയെ വിശുദ്ധയെന്ന് നാമകരണം ചെയ്തു. 1970ൽ ആറാം പൗലോസ് മാർപാപ്പ ആവിലായിലെ വി. ത്രേസ്യയോടൊപ്പം കത്രീനയെ വേദനപാരംഗത എന്ന് പ്രഖ്യാപിച്ചു.



# മറ്റൊരു KYC യെപ്പറ്റി



**ബാബു കുരിയൻ തേറാട്ടിൽ**
റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ
കനറാ ബാങ്ക്

KYC എന്നാൽ ഇപ്പോൾ ഒരു വിധം ഫല്ലാവരും അറിഞ്ഞിരിക്കുമെന്ന് കരുതുന്നു.

Know Your Customer എന്നാണതിന്റെ പൂർണ്ണ രൂപം. അതായത് ഒരു സ്ഥാപനം അതിന്റെ കസ്റ്റമറെപ്പറ്റിയുള്ള യഥാർത്ഥ വിവരങ്ങൾ ശേഖരിച്ച് തിരിച്ചറിഞ്ഞതിനുശേഷം മാത്രം അവർക്കു വേണ്ട സേവനങ്ങൾ നൽകുക എന്നുള്ളതാണ് ഉദ്ദേശ്യം. ആധാർ, പാൻകാർഡ്, പാസ്പോർട്ട് തുടങ്ങിയ രേഖകളാണ് ഇതിനായി ശേഖരിക്കുക.

ഇത് ആദ്യമായി കൊണ്ടുവന്നത് ധനകാര്യസ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് ബാങ്കിംഗ് മേഖലയിലാണ്. സാമ്പത്തിക കുറ്റകൃത്യങ്ങൾക്ക് തടയിടുക എന്നുള്ളതാണ് പ്രധാന ഉദ്ദേശ്യം. അതായത് കള്ളപ്പണം വെളുപ്പിക്കൽ, നികുതി വെട്ടിപ്പ്, ഹവാല ഇടപാടുകൾ, ഭീകര പ്രവർത്തനങ്ങൾക്ക് പണം നൽകൽ തുടങ്ങിയവ കണ്ടെത്താനും തടയാനും വേണ്ടി. ഒരാൾ തന്നെ വിവിധ പേരുകളിൽ അല്ലെങ്കിൽ മരിച്ചുപോയവരുടേയോ യഥാർത്ഥത്തിൽ ഇല്ലാത്തവരുടേയോ പേരുകളിൽ അക്കൗണ്ടുകൾ തുടങ്ങുക എന്നിവയാണ് ഇത്തരം കുറ്റകൃത്യങ്ങളുടെ അടിസ്ഥാനം.

കാലക്രമേണ KYC രേഖകൾ വാങ്ങുന്നത് മറ്റുപല സ്ഥാപനങ്ങൾക്കും നിർബന്ധമാക്കി. ഉദാഹരണത്തിന് മൊബൈൽ ഫോൺ കണക്ഷൻ എടുക്കുക, ഹോട്ടലുകളിൽ മുറിയെടുക്കുക, റേഷൻ കാർഡെടുക്കുക അല്ലെങ്കിൽ എൽഐസി പോളിസിയെടുക്കുക തുടങ്ങിയവക്കെല്ലാം ഇത് നിർബന്ധമാക്കി.

കൂടാതെ വർഷാവർഷം ഒരു നിശ്ചിത കാലയളവിൽ സ്ഥാപനങ്ങൾ ഇത്തരം KYC രേഖകൾ പുനപരിശോധനയ്ക്ക് വിധേയമാക്കി കസ്റ്റമറുടെ സാന്നിധ്യവും യാഥാർത്ഥ്യവും ഉറപ്പു വരുത്തുകയും ചെയ്യണം. ഇപ്പോൾ റേഷൻ കടകളിൽ മഞ്ഞ, പിങ്ക് കാർഡുകൾക്ക് ഇത്തരമൊരു പരിശോധന നടക്കുന്നുണ്ട്.

ഈയടുത്ത കാലത്ത് Paytm എന്ന കമ്പനിയുടെ ലൈസൻസ് റിസർവ്

ബാങ്ക് തടഞ്ഞുവെച്ച സംഭവം ഓർക്കുമല്ലൊ. അവർക്കെതിരെ ഉയർന്ന ആരോപണങ്ങളിൽ ഒന്ന് KYC യുമായി ബന്ധപ്പെട്ടതായിരുന്നു.

എന്നാൽ ഇവിടെ പറയാൻ പോകുന്നത് KYCയുടെ മറ്റൊരു പൂർണ്ണരൂപത്തെപ്പറ്റിയാണ്. അത് എന്താണെന്ന്ഈ ലേഖനത്തിന്റെ അവസാനം വിവരിക്കാം.

വർഷങ്ങൾക്കു മുൻപ് തമിഴ്നാട്ടിൽ വേളാങ്കണ്ണിക്കടുത്തുള്ള മയിലാട് തുറ എന്ന സ്ഥലത്ത് ബാങ്കിന്റെ ചീഫ്മാനേജരായി ജോലി ചെയ്യുകയായിരുന്നു ഞാൻ. നഗരങ്ങളിൽ നിന്നെല്ലാം അകന്ന് കടലിനോട് ചേർന്ന് കിടക്കുന്ന ഒരു ഗ്രാമപ്രദേശമായിരുന്നു അത്. കർഷകരാണ് അവിടുത്തെ പ്രധാന ജനസമൂഹം. കരിമ്പും നെല്ലുമാണ് പ്രധാന കൃഷികൾ. ഇവയുമായി ബന്ധപ്പെട്ട മില്ലുകളും ധാരാളം. റോഡുകളിൽ മിക്കപ്പോഴും

കരിമ്പും നെല്ലും കയറ്റിയ ട്രാക്ടറുകൾ പോകുന്നത് കാണാം. വളരെ സമാധാനപ്രിയരും സ്നേഹസമ്പന്നരും ആയിരുന്നു അവിടുത്തെ ജനങ്ങൾ.

അവിടെ ജോയിൻ ചെയ്തതിനുശേഷം ഒരു ദിവസം വൃദ്ധരായ രണ്ടു പേർ (ദമ്പതിമാർ) എന്നെ കാണാൻ വന്നു. ബ്രാഞ്ചിലെ ചില ജോലിക്കാർ അവരെ എനിക്ക് പരിചയപ്പെടുത്താനായി കൊണ്ടുവന്നതാണ്. രണ്ടുപേരും സ്കൂൾ അധ്യാപകരായി ജോലിചെയ്തു വിശ്രമജീവിതം നയിക്കുന്നവരായിരുന്നു. അവരെ പരിചയപ്പെട്ടു.

അവരുടെ പെൻഷൻ അക്കൗണ്ടുകളും മറ്റും ബാങ്കിലുണ്ടെന്ന് മനസ്സിലായി. സമാധാനപരമായ ജീവിതം നയിക്കുന്നവർ. ഒരേയൊരു മകൻ– അയാൾ കുറച്ച് അകലെയുള്ള തഞ്ചാവൂരിലെ ഒരു എഞ്ചിനീയറിങ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ബാങ്കിലെ ചന്ദ്രൻ എന്നു പേരുള്ള ഒരു സ്റ്റാഫ് അംഗത്തെ അവർ പഠിപ്പിച്ചിട്ടുമുണ്ട്. അങ്ങനെ അന്ന് സ്നേഹപൂർവ്വം അവർ മടങ്ങിപ്പോയി. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഒരു ദിവസം ഈ അധ്യാപകൻ വളരെ വിഷമിച്ച് എന്റെ ക്യാബിനിൽ വന്നു. ഞാൻ അദ്ദേഹത്തോട് ഇരിക്കാൻ പറഞ്ഞ് വിവരം തിരക്കി. അദ്ദേഹത്തിന്റെ അക്കൗണ്ടിൽ നിന്ന് അവർ അറിയാതെ 10000 രൂപ ആരോ എടുത്തു പോയിരിക്കുന്നു. ഞാൻ കമ്പ്യൂട്ടറിൽ പരിശോധിച്ചപ്പോൾ അക്കൗണ്ടിൽ നിന്ന് എടിഎം കാർഡ് വഴിയാണ് പണമെടുത്തിരിക്കുന്നത് എന്ന് മനസ്സിലായി.

കൂടുതൽ പരിശോധിച്ചപ്പോൾ രണ്ടു ദിവസങ്ങൾക്കു മുൻപ് രാത്രി ഏകദേശം 11 മണി കഴിഞ്ഞാണ് ഇത് നടന്നിരിക്കുന്നത് എന്ന് കണ്ടെത്തി. അധ്യാപകൻ പറയുന്നത് അവരായിട്ട് ഇങ്ങനെയൊരു പണം പിൻവലിക്കൽ നടത്തിയിട്ടേയില്ല എന്നാണ്. എന്തായാലും അദ്ദേഹത്തിൽ നിന്ന് ഒരു പരാതി എഴുതി വാങ്ങി കൂടുതൽ അന്വേഷിച്ചു വിവരം പറയാമെന്ന് സമാധാനിപ്പിച്ച് അയച്ചു.

ബാങ്കിന്റെ കമ്പ്യൂട്ടർ വിദഗ്ദരുമായി ആലോചിച്ചപ്പോൾ ഈ തുക എടുത്തിരിക്കുന്നത് സമീപത്തുള്ള സ്റ്റേറ്റ്ബാങ്ക് എടിഎമ്മിൽ നിന്നാണെന്ന് മനസ്സിലായി. പക്ഷെ അദ്ധ്യാപകനോട് ചോദിച്ചപ്പോൾ ATM കാർഡ് ഭദ്രമായി വീട്ടിൽത്തന്നെയുണ്ട് എന്നറിഞ്ഞു. ഈ പണം എങ്ങനെ ആരെടുത്തു എന്നുള്ളത് ഒരു ചോദ്യമായി ഞങ്ങളുടെ മുന്നിൽ നിന്നു. എന്തായാലും ഇത് കണ്ടുപിടിക്കേണ്ടത് ഒരു അത്യാവശ്യകാര്യമായി മാറി.

അങ്ങനെ ഞാനും എന്റെ ഓഫീസറും ചേർന്ന് അടുത്തുള്ള സ്റ്റേറ്റ് ബാങ്കിൽ ചെന്ന് അവിടുത്തെ അസിസ്റ്റന്റ് ജനറൽ മാനേജരെ കണ്ടു വിവരം ധരിപ്പിച്ചു. SBI ബാങ്കിന്റെ ATMലുള്ള സിസിടിവി ക്യാമറ ഈ പണം എടുത്ത ദിവസം റെക്കോർഡ് ചെയ്തിരിക്കുന്നത് എന്താണെന്ന് അറിയുവാൻ വേണ്ടി അതിന്റെ ഒരു കോപ്പി തരുവാൻ അപേക്ഷ നൽകി.

രണ്ടു ദിവസങ്ങൾക്കു ശേഷം SBI യിൽ നിന്ന് ഞങ്ങളെ വിളിച്ച് പണമടുത്ത സമയത്തെ ക്യാമറാ ദൃശ്യങ്ങൾ ഒരു പെൻഡ്രൈവിൽ ആക്കി തന്നു. ഞങ്ങൾ നോക്കുമ്പോൾ കണ്ടത് വളരെ അതിശയകരമായ ഒരുകാര്യമായിരുന്നു. രാത്രി ഏകദേശം 11 മണിയോടുകൂടി രണ്ടു ചെറുപ്പക്കാർ (അതിൽ ഒരാൾ പെൺകുട്ടിയായിരുന്നു) ഒരു മോട്ടോർസൈക്കിളിൽ ATMന് മുമ്പിൽ വന്നിറങ്ങുന്നത് കണ്ടു. രണ്ടുപേരും ATM മുറിയിൽ കടന്ന് അതിൽ നിന്ന് 10000 രൂപ എടുത്തു പോക്കറ്റിൽ വെച്ച് തിരികെ ബൈക്കിൽ കയറി പോകുന്നതും കണ്ടു. ബാങ്കിലെ സ്റ്റാഫ്, ചന്ദ്രനെ ഈ വീഡിയോ കാണിച്ചു. അദ്ദേഹം ഉടനെ ആ ചെറുപ്പക്കാരനെ തിരിച്ചറിഞ്ഞു. അത് ആ അധ്യാപകരുടെ മകൻ തന്നെയായിരുന്നു. കൂടെയുണ്ടായിരുന്ന പെൺകുട്ടി ആരാണെന്ന് ആക്കും മനസ്സിലായില്ല.

ഞങ്ങൾക്ക് ആകെ വിഷമമായി. കാരണം ഈ വിവരം എങ്ങനെ ബഹുമാന്യരായ ആ മാതാപിതാക്കളോട് അറിയിക്കുമെന്ന് ആലോചിച്ചു ഞങ്ങൾ ബുദ്ധിമുട്ടിലായി. അവരുടെ അപേക്ഷ ബാങ്കിൽ ഉള്ളതുകൊണ്ട് ഇക്കാര്യം അറിയിക്കാതിരിക്കാൻ വയ്യ. അതീവ സ്നേഹത്തോടെ കരുതുന്ന ഏക മകനെ ഓർത്ത് അവരെ വിഷമിപ്പിക്കാനും വയ്യ. വല്ലാത്തൊരു ധർമ്മസങ്കടം. എന്തായാലും ബാങ്കിന്റെ ജോലി ചെയ്തല്ലേ പറ്റൂ. പിറ്റേ ദിവസം ഞാനും ചന്ദ്രനും കൂടി ഈ വിവരം അദ്ദേഹത്തെ അറിയിക്കാം എന്ന് തീരുമാനിച്ചു.

രാവിലെ ബാങ്ക് തുറക്കുന്നതിനു മുൻപ് ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്ത് പോവാനായി തയ്യാറായി വന്നു. പക്ഷേ വഴിക്ക് വെച്ച് തന്നെ വളരെ ദുഃഖകരമായ ഒരു വാർത്ത കേട്ടു. തലേന്നാൾ അദ്ദേഹത്തിന്റെ മകനും

മറ്റൊരു ആൺകുട്ടിയും കൂടി ബൈക്കിൽ സഞ്ചരിക്കുമ്പോൾ കരിമ്പു കയറ്റിവന്ന ഒരു ട്രാക്ടർ ഇടിച്ച് അദ്ധ്യാപകന്റെ മകൻ തൽക്ഷണം മരണമടഞ്ഞിരിക്കുന്നു. കുടെയുണ്ടായിരുന്നയാൾ അതീവ ഗുരുതരാവസ്ഥയിൽ


അടുത്തുള്ള ആശുപത്രിയിലുമായിരുന്നു. എന്തുതന്നെയായാലും മുൻ തീരുമാനപ്രകാരം ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിലെത്തി. പോസ്റ്റ്മാർട്ട വും മറ്റും കഴിഞ്ഞ് അവരുടെ മകന്റെ ദേഹം അന്തിമ ശുശ്രൂഷകൾക്കായി വീട്ടുമുറ്റത്ത് കിടത്തിയിരിക്കുകയായിരുന്നു.

ഞങ്ങളെ കണ്ടപ്പോൾ അധ്യാപകൻ ഇറങ്ങി വന്നു. പരസ്പരം ഒന്നും മിണ്ടാതെ ഞങ്ങൾ കുറച്ചു സമയം അവിടെ നിന്നു. അദ്ദേഹത്തിന്റെ ഭാര്യ വളരെ ദുഃഖകരമായ അവസ്ഥയിൽ കരഞ്ഞ് അവശയായി വീടിന്റെ വരാന്തയിൽ ഇരിക്കുന്നുണ്ടായിരുന്നു. രണ്ടുപേരെയും ആശ്വസിപ്പിക്കാൻ ഞങ്ങൾക്ക് വാക്കുകളൊന്നും കിട്ടിയില്ല. ഇത്തരമൊരു സാഹചര്യത്തിൽ ATM ൽ പണമെടുത്തതിനെ പറ്റിയും ഞങ്ങൾ ഒന്നും പറഞ്ഞില്ല. പറയു ന്നത് ശരിയുമല്ലല്ലൊ. അതുകൊണ്ട് ഞങ്ങൾ തിരിച്ചുപോന്നു. ആ വീഡി യോ അടങ്ങിയ പെൻഡ്രൈവ് ബാങ്കിന്റെ ലോക്കറിൽ ഭദ്രമായി വെച്ചു.

പിന്നീട് ഞാൻ ഉദ്യോഗകയറ്റം ലഭിച്ച് ബാങ്കിന്റെ ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന ബാംഗ്ലൂരിലേക്ക് സ്ഥലംമാറിപ്പോയി. ആ അധ്യാപകർ പിന്നീട് ഈ ATM വിഷയത്തെപ്പറ്റി ഒന്നും അന്വേഷിച്ചില്ല. അവർക്ക് സംഭവിച്ചത് അതി നേക്കാൾ എത്രയോ വലിയ നഷ്ടമായിരുന്നു!. ആ വീഡിയോ ഇപ്പോഴും അവിടെ ബാങ്കിന്റെ കസ്റ്റഡിയിൽ ഭദ്രമായി ഇരിക്കുന്നുണ്ടാകണം.

ഇവിടെ പറയാനുള്ളത് KYC യുടെ മറ്റൊരു പൂർണ്ണരൂപമാണ്. അതായ ത് Know Your CHILDREN. നമ്മുടെ കുട്ടികളെ നിരന്തരം നിരീക്ഷിക്കു കയും അവരുടെ ഓരോ പ്രവർത്തികളിലും നമ്മൾ ജാഗരൂകരായിരിക്കു കയും വേണമെന്നുള്ളതാണ് അത്. അവരുടെ പഠനത്തിലും യാത്രയിലും പണമിടപാടുകളിലും സുഹൃത്ത് ബന്ധങ്ങളിലും നമുക്ക് എപ്പോഴും ഒരു ശ്രദ്ധയുണ്ടായിരിക്കുന്നത് നല്ലതാണ്. മക്കൾക്ക് ഏപ്പോഴും നല്ലൊരു സുഹൃത്തും വഴികാട്ടിയും ആയിരിക്കാൻ നമ്മുക്ക് ശ്രമിക്കാം.


FINEX
Electricals & Sound
Olarikkara, Thrissur Pin - 680 012
Phone : 0487 - 23621976, Res : 2366490, Mob : 9847867312
Sound Systems, Generators,
I KVA-125 KVA, Illumination, ETC.....




# വിദ്യാർത്ഥികളോട്.....



പ്രൊഫ. ഡോ. മാണി പീറ്റർ

ഇന്ത്യൻ ഭരണഘടനയിൽ ഉണ്ടായിട്ടുള്ള വിവിധ ഭേദഗതികൾ വായിച്ചു കൊണ്ടിരിക്കുകയാണല്ലോ. തുടർന്നു വായിക്കുക.

88th Amendment: ഭരണഘടനയിൽ ഒരു പുതിയ Article, 268 അ എഴുതി ചേർക്കപ്പെട്ടത് ഈ ഭേദഗതിയിലൂടെ ആണ്. ഈ ഭേദഗതി വഴി സേവനനികുതികൾ പിരിക്കുന്നതിനുള്ള അവകാശം കേന്ദ്രസർക്കാരിന് ലഭിക്കുന്നു. ഇങ്ങിനെ ലഭിക്കുന്ന നികുതി, ചില മാനദണ്ഡങ്ങൾ അനുസരിച്ച് സംസ്ഥാനങ്ങളുമായി വിഭജിക്കുന്നു.

89th Amendment: Article 338 ഭേദഗതി ചെയ്ത് 338അ എഴുതിചേർത്തു. ഇതനുസരിച്ച് പട്ടികവർഗ്ഗക്കാർക്കുവേണ്ടി (ST) ഒരു ദേശീയ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചു.

91st Amendment: ഈ ഭേദഗതി അനുസരിച്ച് കേന്ദ്രമന്ത്രിയിലെ മൊത്തം അംഗസംഖ്യ, മൊത്തം എം.പി.മാരുടെ 15% ൽ കൂടരുത് എന്ന നിബന്ധന കൊണ്ടുവന്നു, അനാവശ്യമായി മന്ത്രിമാരെ തിരുകികയറ്റുന്ന പ്രവണത ഇല്ലാതാക്കാൻ ഈ ഭേദഗതി സഹായിക്കും. മന്ത്രിമാരുടെ എണ്ണം കൂടുമ്പോൾ ചിലവ് വർദ്ധിക്കുമല്ലോ.

93rd Amendment: S-C, ST, OBC മുതലായ വിഭാഗങ്ങളിൽ പെട്ട കുട്ടികളുടെ പഠന അവസരങ്ങളെക്കുറിച്ച് അനുപാതങ്ങൾ തീരുമാനിക്കുവാനുള്ള അധികാരം കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഉണ്ടായിരിക്കും. ഇവരുടെ നിയമനിർമ്മാണങ്ങൾ സ്വകാര്യമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

99th Amendment: ഈ ഭേദഗതി വഴി National Juditial Appointment Commission രൂപീകരിക്കുന്നു. ഈ കമ്മീഷനാണ് ജഡ്ജിമാരെ നാമനിർദ്ദേശം ചെയ്യുന്നത്. പലപ്പോഴും കേന്ദ്രസർക്കാരുമായുള്ള തർക്കങ്ങളിൽ ഇവരുടെ നിർദ്ദേശങ്ങൾ എത്തിനിൽക്കാറുണ്ട്.

100th Amendment: ഇന്ത്യൻ ഭരണഘടനയുടെ ഷെഡ്യൂൾ 1 ഭേദഗതി ചെയ്യാനുള്ള അധികാരം ഈ Amendment നൽകുന്നു. കൂടാതെ ഇന്ത്യ ബംഗ്ലാദേശ് അതിർത്തി പുനർനിർണ്ണയവും ഈ ഭേദഗതി വഴി നടന്നു.

101st Amendment: രാജ്യത്തെ നികുതിസമ്പ്രദായത്തെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഭേദഗതി ആണ് ഇത്. ഇന്ന് വളരെ അധികം ചർച്ച ചെയ്യപ്പെടുന്ന Goods and Service Tax (GST) 2017 ജൂലൈ 1ന് നിലവിൽ വന്നത് ഈ ഭേദഗതിയുടെ ഭാഗമായിട്ടാണ്. ഈ നിയമമനുസരിച്ച് രാജ്യത്ത് മൊത്തമായി ഒരു നികുതി സമ്പ്രദായം നിലവിൽ വന്നു. കേന്ദ്രം പിരിച്ചെടുക്കുന്ന നികുതി തുക ജി.എസ്.ടി കൗൺസിലിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നു. കൂടുതൽ ഉൽപ്പാദനം നടത്തുന്ന സംസ്ഥാനങ്ങൾക്ക് കൂടിയ ഓഹരി ലഭിക്കുന്നു. കേരളം ഒരു ഉപഭോഗ സംസ്ഥാനമായതുകൊണ്ട് നമ്മുടെ ഓഹരി കുറയുന്നു. ഇത് സംസ്ഥാനത്ത് ധനകമ്മി വർദ്ധിപ്പിക്കുന്നു എന്ന് സംസ്ഥാന സർക്കാർ അവകാശപ്പെടുന്നുവല്ലോ.

102nd Amendment: ഈ ഭേദഗതി അനുസരിച്ച് National Commission for Backward Classes ന് ദേശീയപദവി നൽകുന്നു.

103rd Amendment: ഇതുവരെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ പരിഗണിക്കുന്നതിനുള്ള ഒരു ഭേദഗതി ആണ് ഇത്. അതുകൊണ്ടുതന്നെ നല്ല ഒരു ഭേദഗതി ആണ്. ഈ ഭേദഗതി വഴി Reservation Actൽ 10% വരെ Economically Weaker Section (EWS) പ്രത്യേകമായി മാറ്റിവയ്ക്കുന്നു. ഈ തീരുമാനം പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ടി ആർട്ടിക്കിൾ 15, 16 എന്നിവയിൽ ചില ഭേദഗതികൾ വരുത്തി.

108th Amendment: മൂന്നിൽ ഒന്ന് ലോകസഭാ സീറ്റുകൾ/നിയമസഭാ സീറ്റുകൾ വനിതകൾക്ക് നീക്കിവയ്ക്കുന്നതാണ് ഈ ഭേദഗതി.

കഴിഞ്ഞ 74 വർഷത്തിൽ നാം ഏകദേശം 108 ഭരണഘടന ഭേദഗതി വരുത്തി. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ നമ്മുടെ ഭരണഘടന സജ്ജമാണ് എന്നർത്ഥം. ഇത്രയും ദീർഘവീക്ഷണത്തോടെ ഭരണഘടനാശില്പികളെ നമുക്ക് ആദരിക്കാം, ഓർക്കാം. ഭരണഘടന മാറ്റി എഴുതണം എന്ന ദുർവ്യാഖ്യാനങ്ങൾ ചെറുതായി എങ്കിലും ഇപ്പോൾ കേൾക്കുന്നുണ്ട്. ഇത് ഒരിക്കലും അനുവദിച്ചുകൂടാ. ബന്ധപ്പെട്ട വിഷയങ്ങളുമായി അടുത്ത ലക്കത്തിൽ.



# സംഘടനാ വാർത്തകൾ

## സെന്റ്. വിൻസന്റ് ഡി പോൾ സൊസൈറ്റി

### സ്നേഹാദരം, എൽഡേഴ്സ് ഡേ-2024





## ജീസ്സസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഓശന ഞായർ ടാബ്ലോ





## CLCയുടെ നേതൃത്വത്തിൽ നടത്തിയ ദു:ഖവെള്ളി ടാബ്ലോ





# Seniors Quiz - I

**രാജാക്കന്മാർ - അദ്ധ്യായം 1 മുതൽ 3 വരെ,**
**കത്തോലിക്കസഭ, ആൻസ് ഡൈജസ്റ്റ് - മാർച്ച്**

1. യേശുശിഷ്യന്മാരിൽ ഏറ്റവും പ്രായം കൂടിയ വ്യക്തി ആർ?
2. 'തൽമൂദ്' എന്താണ്?
3. കുർണൂൽ രൂപതയുടെ പുതിയ മെത്രാൻ ആർ?
4. 'സ്വർഗ്ഗത്തിന്റെ വേട്ടനായ്' എന്താണെന്നാണ് കവി സങ്കൽപം?
5. സോളമന്റെ അഭിഷേക സമയത്ത് സന്നിഹിതരായിരുന്ന പ്രവാചകൻ ആരാണ്?
6. ആരുടെ പുത്രനാണ് സോളമൻ? അവന്റെ അമ്മ ആര്?
7. അബിയഥറിന്റെ ജന്മദേശം ഏത്?
8. കെദ്രോൻ തോടു കടക്കുന്ന നാളിൽ നീ മരിക്കും' എന്ന് ആരോടാണ് കൽപ്പിച്ചത്?
9. സോളമനോടുള്ള ഭയം നിമിത്തം അദോനിയ എങ്ങോട്ടാണ് ഓടി ചെന്നത്?
10. സമാധാനക്കാലത്ത് അബ്നേറിനേയും അമാസയേയും വധിച്ചത് ആർ?

**(ഏപ്രിൽ 25നു മുമ്പ് ഉത്തരങ്ങൾ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുമല്ലോ)**

## സീസൺ 1 ക്വിസ് 12-ാം ഉത്തരങ്ങൾ

1. ജെറെമിയ
2. ഐക്കൺ ഓഫ് മഡോണ
3. വിവേകാനന്ദൻ
4. വൈശാഖൻ
5. സാമുവൽ
6. Strength, weakness, opportunity, Threats
7. സിറാക്കിന്റെ മകനായ യേശു
8. മരണത്തേക്കാൾ വലിയൊരു മാർഗ്ഗമില്ല
9. ശിമയോൻ
10. ജോഷ്വയും കാലെബും

## ക്വിസ് വിജയികൾ 12, 10/10

1. E.G. Davis
2. Laiza Thomson
3. Biju Poulose
4. Rosy Francis
5. Phinny P.T.
6. Joicy George




## Junior's Quiz - I

# For Catechism students (1st. Std to ACC)

**അപ്പസ്തോല പ്രവർത്തനങ്ങൾ (1– 2)**

**കത്തോലിക്കസഭ, ആൻസ് ഡൈജസ്റ്റ് – മാർച്ച്**

1. 'ഹക്കൽദ്മാ' എന്ന സ്ഥലപേരിന്റെ അർത്ഥം എന്ത്?
2. ആരെ അഭിസംബോധന ചെയ്താണ് 'അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ' ആരംഭിക്കുന്നത്?
3. കർത്താവിന്റെ ദിനം വരുന്നതിനുമുമ്പായി സൂര്യനും ചന്ദ്രനും എന്തു സംഭവിക്കും?
4. 'പ്രാക്സെയ്ഡ്' എന്ന സംജ്ഞയുടെ അർത്ഥമെന്ത്?
5. പതിനൊന്ന് അപ്പസ്തോലന്മാരുടെ കൂടെ പന്ത്രണ്ടാമൻ ആയി തിരഞ്ഞെടുക്കപ്പെട്ടത് ആര്?
6. ഏതു ഗോത്രപിതാവിനെക്കുറിച്ചാണ് പത്രോസ് പ്രസംഗിച്ചത്?
7. 'M.K. Gandhi, An Indian patriot of South Africa' ഈ ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?
8. യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷ്യം വഹിച്ച സ്ത്രീകളുടെ അനുഭവം പങ്കുവെക്കുന്ന ഗ്രന്ഥം?
9. ഇന്ത്യയുടെ Asscociate official language ഏതാണ്?
10. 'Up from slavery' ആരുടെ ഗ്രന്ഥമാണ്?

**(ഏപ്രിൽ 25നു മുമ്പ് ഉത്തരങ്ങൾ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുമല്ലോ)**


**ഉത്തരം പൂരിപ്പിച്ച് പങ്കെടുക്കുന്ന വിദ്യാർത്ഥികൾ**
**പേര്, ക്ലാസ് , കുടുംബകൂട്ടായ്മയുടെ പേര്, ഫോൺ നമ്പർ**
**എന്നിവ എഴുതേണ്ടതാണ്**

---

**കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന അർദ്ധ ദിന സെമിനാർ**



# കളറിംഗ് മത്സരം



പേര്.............................................................................ക്ലാസ്.................................

കുടുംബകൂട്ടായ്മ.........................................ഫോൺ.......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## മത്സര വിജയികൾ

**1. LKG & UKG**

**Ist** മരിയ മനു സി.
സെന്റ്.ഇഗ്നേഷ്യസ്

**IInd** ബെർണീസ് സ്റ്റീഫൻ
സെന്റ്. ജോസഫ്

**2. LP**

**Ist ആൻലിയോ ജോഷ്**
സെന്റ്. സെന്റ്. സേവ്യർ

**IInd അനീന**
സെന്റ്. മതർതെരേസ

**3. UP**

**Ist** സെറ ചാചു ജോസഫ്
സെന്റ്.ആന്റണീസ്

**2nd** ഇവ മരിയ ഷിന്റോ
സെന്റ്. തോമസ്


# ബൈബിൾ വായനകൾ



## ഏപ്രിൽ–2024

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | **1**<br>1 കോറി 15:23–28<br>യോഹ 20:11–23 | **2**<br>കൊളോ 1:15–22<br>യോഹ 14:25–31 | **3**<br>ശ്ലീഹ 9:1–15<br>ലൂക്കാ 24:13–35 | **4**<br>വെളി 1:10–18<br>ലൂക്കാ 24:36–43 | **5**<br>ഹെബ്രാ 11:1–6<br>ഹെബ്രാ 32–39<br>ലൂക്കാ 12:1–9 | **6**<br>2 കോറി 3:4–11<br>ലൂക്കാ 24:44–48 |
| **7**<br>ലേവ്യ 26:1–13<br>ഏശ 44:1–8<br>1 യോഹ 1:1–4<br>യോഹ 20:24–31 | **8**<br>ഹെബ്രാ 10:19–25<br>മത്താ 8:1–4 | **9**<br>റോമാ 3:27–31<br>മത്താ 8:5–13 | **10**<br>റോമാ 4:13–25<br>മത്താ 9:18–26 | **11**<br>റോമാ 5:1–5<br>മത്താ 15:21–28 | **12**<br>യാക്കോ 5:13–20<br>ലൂക്കാ 5:17–26 | **13**<br>ഗലാ 2:15–21<br>യോഹ 9:35–41 |
| **14**<br>പുറ 3:1–12<br>എസ 34:20–26<br>എഫേ 4:7–16<br>യോഹ 21:15–19 | **15**<br>1 യോഹ 2:1–6<br>യോഹ 17:20–26 | **16**<br>1 തിമോ 1:18–19<br>1 തിമോ 2:1–7<br>ലൂക്കാ 22:24–32 | **17**<br>കൊളോ 3:12–17<br>ലൂക്കാ 1:46–56 | **18**<br>എഫേ 6:1–9<br>മത്താ 20:17–28 | **19**<br>2 തിമോ 2:22–26<br>മത്താ 24:45–51 | **20**<br>വെളി 3:15–22<br>യോഹ 10:14–16<br>യോഹ 22–30 |
| **21**<br>ജോഷ്വാ 1:1–9<br>2 ദിന 15:1–7<br>2 കോറി 13:5–10<br>മത്താ 28:16–20 | **22**<br>വെളി 21:1–7<br>യോഹ 14:15–24 | **23**<br>1 കോറി 3;18–23<br>മർക്കോ 3:13–19 | **24**<br>2 കോറി 12:1–10<br>മത്താ 10:37–42 | **25**<br>2 തിമോ 4:6–18<br>മർക്കോ 16:15–20 | **26**<br>2 കോറി 5:14–20<br>യോഹ 3:1–12 | **27**<br>റോമാ 11:25–32<br>മത്താ 18:10–14 |
| **28**<br>പുറ 4:27–31<br>തോബി 5:1–10<br>ശ്ലീഹ 12:24–13:3<br>ലൂക്കാ 10:1–12 | **29**<br>1 യോഹ 1:5–2:2<br>മത്താ 11:25–30 | **30**<br>ഫിലി 2:19–30<br>ലൂക്കാ 8:1–8 | | | | |

6-ാം ചരമവാർഷികം



# ചക്കാലക്കൽ ജോസഫ് മകൻ
# പോളി

ജനനം : 24.09.1946 മരണം : 04.04.2018

41-ാം ചരമവാർഷികം



ചക്കാലക്കൽ പൈലോത് മകൻ

## ജോസഫ്

ജനനം : 08.07.1918
മരണം : 03.04.1983

13-ാം ചരമവാർഷികം



ചക്കാലക്കൽ ജോസഫ് ഭാര്യ

## കുഞ്ഞില

ജനനം : 03.10.1926
മരണം : 17.11.2011



## Think beyond ENGINEERING & MEDICAL..!!

**Attn: Parents of 12th / 11th / 10th Std. Students**

A great career awaits for your child in Management/Law

***Get Attractive Discounts***

# IPM
## 2025/2026

(5 Year Integrated Programme in Management from IIM-Indore / Rohtak / Ranchi) also covering JIPMAT (for IIM Bodhgaya & IIM Jammu)
**& other BBA entrance exams**

# CLAT
## 2025/2026

(Common Law Admission Test for National Law Schools)
**& other LAW entrance exams like AILET, SLAT, LSAT Christ (Law), etc.**



Nanditha Sunil
**IIM ROHTAK**



Saniya K
**NMIMS**



Alina TS
**SYMBIOSIS BANGALORE**



Raina Shafeeq
**CHRIST BANGALORE**



Jean Mary Sibi
**MANIPAL UNIVERSITY**

**New Weekday / Weekend Batches**

*Conditions apply

# T.I.M.E.

Triumphant Institute of Management Education Pvt. Ltd.

**THRISSUR**

Opp. to Jubilee Mission Hospital Gate 2, East Fort, Thrissur

8086 44 00 33
04872 44 00 33

**Intensive Crash Course for IPM / BBA / CUET '24 also available**

NIRMALA hiprint, tsr 2387393